# മനുഷ്യത്വം മരിച്ചിട്ടില്ല

**മൗലാനാ മുഹമ്മദ് മൻസൂർ നുഅ്മാനി**

**വിവർത്തകൻ**

അബ്ദുശ്ശക്കൂർ ഖാസിമി

പ്രസാധനം

സയ്യിദ് ഹസനി അക്കാദമി

ദാറുൽ ഉലൂം

ഓച്ചിറ,കൊല്ലം

# ആമുഖം

മനുഷ്യന്റെ മഹനീയ ഗുണമാണ് മനുഷ്യത്വം. ഈ ഗുണത്തിലൂടെ മനുഷ്യൻ സമുന്നതനായിത്തീരുന്നു. ഇത് നഷ്ടപ്പെട്ടാൽ മനുഷ്യൻ മൃഗീയതയിലേക്കെന്നല്ല, പൈശാചികതയിലേക്ക് അധഃപതിക്കുന്നു. മുൻഗാമികളുടെ മഹനീയ ഗുണമായിരുന്നു മനുഷ്യത്വം. പക്ഷേ, ഇതിനെക്കുറിച്ചുള്ള പരസ്പര പ്രേരണ കുറഞ്ഞതിനാൽ ഈ ഗുണം ഇന്ന് വളരെയധികം കുറഞ്ഞിരിക്കുന്നു. പ്രത്യേകിച്ചും പരസ്പര വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും സ്ഥലങ്ങളിലും കാലങ്ങളിലും മനുഷ്യത്വം മാഞ്ഞ് മറഞ്ഞ് പോകുന്നതാണ്. എന്നാൽ ഇത്തരം സാഹചര്യത്തിലും മനുഷ്യത്വത്തെ സ്നേഹിക്കുകയും അതിനെക്കുറിച്ച് ഉറച്ച നിലപാട് എടുക്കുകയും ചെയ്യുന്നവർക്ക് മനുഷ്യത്വത്തിന്റെ മഹനീയ മാതൃകകൾ വരച്ച് കാട്ടാൻ കഴിയുന്നതാണ്. പണ്ഡിതവര്യനായ മൗലാനാ മുഹമ്മദ് മൻസൂർ നഅ്മാനി സ്വന്തം നാല് അനുഭവങ്ങൾ വളരെ വൈകാരികമായി പങ്കുവെച്ചുകൊണ്ട് ഈ രചനയിലൂടെ നമ്മുടെ മനസ്സുകളിൽ, മനുഷ്യത്വം മരിച്ചിട്ടില്ല ചെറിയ പരിശ്രമങ്ങൾ നടത്തിയാൽ വീണ്ടും അത് വളർന്നുയർന്ന് പുഷ്പിച്ച് പരിമളം പരത്തുന്നതാണെന്ന് വിളിച്ചറിയിക്കുന്നു.

ചന്ദ്രനോളം വളർന്ന മനുഷ്യൻ, പക്ഷെ മനുഷ്യത്വം നഷ്ടപ്പെട്ടതിനാൽ പ്രപഞ്ചത്തിലാകെ പരിഹാസ്യമായിക്കൊണ്ടിരിക്കുകയാണ്. മൃഗങ്ങളിലൊരു കൂട്ടം സഹജീവികളെ കൂട്ടമായി കൊല്ലുന്നതും കൊലയാളികളെ പിന്തുണയ്ക്കുന്നതും അതിനായി രാഷ്ട്രീയ കുതന്ത്രങ്ങൾ മെനയുന്നതും മത-വേദവാക്യങ്ങൾ വ്യാഖ്യാനിക്കുന്നതും ലോകം കണ്ടിട്ടില്ല. പക്ഷെ, മനുഷ്യൻ അതെല്ലാം കാട്ടിക്കൂട്ടിക്കൊണ്ടിരിക്കുന്നു. വേദനാജനകമായ ഈ അവസ്ഥയ്ക്കിടയിൽ പ്രതീക്ഷയുടെ കൈത്തിരി കത്തിക്കുകയാണ് ''മനുഷ്യത്വം മരിച്ചിട്ടില്ല'' എന്ന ഈ ഗ്രന്ഥം ''കാര്യങ്ങൾ സശ്രദ്ധം ശ്രവിക്കുകയും ഉത്തമമായത് അനുകരിക്കുകയും ചെയ്യുന്ന വിവേകികളും സൻമാർഗ്ഗികളുമായവർക്കെല്ലാം'' ഇതിൽ പാഠമുണ്ട്.

മാനുഷിക മൂല്യസംരക്ഷണത്തിനായി മനുഷ്യ സൗഹാർദ്ദത്തിനായി സയ്യിദ് ഹസനി അക്കാഡമി തികഞ്ഞ സന്തോഷത്തോടെ ഈ പുസ്തകം പ്രസിദ്ധീകരിക്കുകയാണ്. പടച്ചവൻ അനുഗ്രഹിക്കട്ടെ.

# മറക്കില്ല ഞാനൊരിക്കലും

വർഷങ്ങൾക്ക് മുമ്പ്, ഏതാണ്ട് ക്രി: 1928-ൽ നടന്ന ഒരു സംഭവമാണ്. കനത്ത ശൈത്യകാലമായിരുന്നു അന്ന് അംറൂഹയിൽ മുദരിർസായിരുന്ന എനിക്ക് ഒരാവശ്യാർത്ഥം ദേവ്ബന്ദിൽ പോകേണ്ടിവന്നു. പകൽ സമയത്തുള്ള ട്രെയിനിൽ പോയി പകൽ തന്നെ തിരികെ വരേണ്ടിയിരുന്നതുകൊണ്ട് കിടക്കയോ പുതപ്പോ കയ്യിൽ കരുതിയിരുന്നില്ല. ദേവ്ബന്ദിലെ ജോലി പൂർത്തിയാക്കി വൈകുന്നേരം ഗാസിയാബാദിൽ എത്തുന്ന ട്രെയിനിൽ ഞാൻ മടങ്ങി. അവിടെ നിന്നും കുറെകഴിഞ്ഞാൽ അംറൂഹയ്ക്കുള്ള ട്രെയിൻ കിട്ടുമായിരുന്നു. അന്ന് യാദൃശ്ചികമായി ദേവ്ബന്ദിൽ നിന്നുമുള്ള വണ്ടി വൈകി, അംറൂഹയ്ക്കുള്ള വണ്ടി പൊയ്ക്കഴിഞ്ഞിരുന്നുവെന്ന് ഗാസിയാബാദിൽ എത്തിയപ്പോൾ അറിയാൻകഴിഞ്ഞു. 11 മണിക്കാണ് അടുത്തവണ്ടി. ഞാൻ ആ വണ്ടിയും പ്രതീക്ഷിച്ച് പ്ളാറ്റ്ഫോറത്തിലുള്ള ഒരു ബഞ്ചിൽ ഇരുന്നു. ഇശാ നമസ്കാരാനന്തരം ആ ബെഞ്ചിൽ അല്പം കിടന്നു. ഉറങ്ങാൻ അല്പവും ഉദ്ദേശമുണ്ടായിരുന്നില്ല. പക്ഷെ ഉറങ്ങിപ്പോയി. കുറച്ച് കഴിഞ്ഞപ്പോൾ സ്റ്റേഷനിലെ ഒരു ജോലിക്കാരൻ എന്നെ ഉണർത്തി ചോദിച്ചു, ''എങ്ങോട്ടാണ് പോകേണ്ടത്'' ? ഞാൻ പറഞ്ഞു, ''അംറൂഹ്'' അദ്ദേഹം, ''ഓ കഷ്ടം താങ്കളുടെ വണ്ടി പുറപ്പെട്ടുകഴിഞ്ഞു. അതാ, വണ്ടി പോകുന്നു. ഇനി രാവിലെയാണ് അടുത്തവണ്ടി. നിങ്ങൾ കാത്തിരിപ്പുമുറിയിൽ ചെന്നിരിക്കുക''. ഞാൻ വെയ്റ്റിംഗ് റൂമിൽ വന്നു. മണി പതിനൊന്ന് കഴിഞ്ഞിരുന്നു. ഉറങ്ങിയെഴുന്നേറ്റ ശേഷം തണുപ്പ് ശക്തമായി അനുഭവപ്പെടാൻ തുടങ്ങി. രാത്രിമുഴുവൻ കഴിച്ചുകൂട്ടേണ്ടതാണ്. കുറച്ചുനേരം അവിടെ കിടന്നിരുന്ന ഒരു ബെഞ്ചിൽ ഇരിക്കും. ഇരുന്നിരുന്ന് തണുപ്പ് തോന്നുമ്പോൾ എഴുന്നേറ്റ് നടക്കും. 50, 60 വർഷങ്ങൾക്കുമുമ്പുള്ള ഗാസിയാബാദ് സ്റ്റേഷൻ ഇന്ന് സങ്കൽപ്പിക്കുകപോലും സാധ്യമല്ല. അന്നവിടെ ചെറിയൊരു ചായക്കടമാത്രമാണുണ്ടായിരുന്നത്. കടക്കാരനും ഉറങ്ങിക്കഴിഞ്ഞിരുന്നു. ഞാൻ ഇടക്കിടെ ചെന്ന് അദ്ദേഹത്തെ ഉണർത്തും. അദ്ദേഹം ചായ ഒഴിച്ചുതരും.

തണുപ്പിന്റെ ഈ കടുത്ത അവസ്ഥയ്ക്കിടയിൽ മാനസികമായി ഒരു പ്രയാസവുംകൂടി അനുഭവപ്പെട്ടിരുന്നു. വെയ്റ്റിംഗ് റൂമിൽ ഞാൻ ഒഴികെയുള്ള യാത്രക്കാരെല്ലാം (അവർ 10-12 പേരുണ്ടായിരുന്നു). എന്റെ അടുക്കൽ യാത്രാസാധനങ്ങളൊന്നും ഇല്ലാത്ത അവസ്ഥയിൽ എന്നെ സംശയദൃഷ്ടിയോടെയാണ് നോക്കിയിരുന്നത്. എന്റെ അവസ്ഥകണ്ട

അവർ അവരുടെ സാധനങ്ങൾ സൂക്ഷിക്കാനായി ഉറക്കമിളച്ചിരുന്നു. എനിക്ക് നാക്കുകൊണ്ട് വല്ലതും പറഞ്ഞ് അവരെ സമാധാനിപ്പിക്കാനോ ഈ പ്രയാസം ദൂരീകരിക്കാനോ കഴിഞ്ഞിരുന്നതുമില്ല. ഈ മാനസിക പ്രയാസം നിമിത്തം എന്റെ രക്തം വെള്ളമായിപ്പോയിരുന്നത് എനിക്ക് ഇന്നും ഓർമ്മയുണ്ട്.

ചുരുക്കത്തിൽ മാനസിക സംഘർഷം പരിഹരിക്കാൻ ഒരു വഴിയും കണ്ടില്ല. തണുപ്പകറ്റാൻ ഒന്നും കിട്ടിയതുമില്ല. കുറേ ഇരുന്നും അൽപനേരം നടന്നും ഇടയ്ക്ക് ചായക്കടയിൽ പോയി ചായക്കടക്കാരനെ ഉണർത്തി ചായകുടിച്ചും രാത്രി തള്ളിനീക്കിക്കൊണ്ടിരുന്നു. അങ്ങനെ രാത്രി 2മ്മ മണിയായി. തദവസരം (ദഹ്റാഡൂണിൽ നിന്നുമാണെന്ന് തോന്നുന്നു) ഒരുവണ്ടി വന്നു. അതിൽനിന്നും ഇറങ്ങിയ 3, 4 യാത്രക്കാർ വെയ്റ്റിംഗ് റൂമിൽവന്ന് കിടക്കവിരിച്ച് കിടന്നു. അക്കൂട്ടത്തിൽ സിക്കുകാരനായ ഒരു കുട്ടിയും ഉണ്ടായിരുന്നു. 15, 16 വയസ്സ് പ്രായം തോന്നിക്കുന്ന ഈ കുട്ടി ഏതെങ്കിലും സമ്പന്ന കുടുംബത്തിലെ അംഗമായിരിക്കണം. ആ കുട്ടിയുടെ കൂട്ടത്തിൽ ഒരു വലിയ കിടക്കയും ഉണ്ടായിരുന്നു. അതിൽ ഇരുന്നുകൊണ്ട് ആ കുട്ടി ബെഞ്ചിൽ ഇരിക്കുന്ന എന്നോട് ചോദിച്ചു "ഇവിടെ എവിടെയെങ്കിലും പാൽ കിട്ടുമോ ? ഞാൻ പറഞ്ഞു. തൊട്ടുമുന്നിൽ ചായക്കടയുണ്ട്. കടക്കാരൻ ഉറങ്ങുകയാണ്. അദ്ദേഹത്തിന്റെ പക്കൽ പാലുണ്ട്. മകനെ നീ പോയി അദ്ദേഹത്തെ വിളിച്ച് പാൽ വാങ്ങുക. ആ കുട്ടി എന്നോടു പറഞ്ഞു. താങ്കൾ എന്റെ ഈ കിടക്ക ഒന്ന് ശ്രദ്ധിച്ചുകൊള്ളുക. ഞാൻ പാൽ വാങ്ങട്ടെ. രാത്രിയിൽ ഒന്നും കഴിച്ചിട്ടില്ല. ആ കുട്ടി കടയിലേക്ക് പോയി പാൽ കൊണ്ടുവന്നു. വിനയം നിമിത്തം എന്നോടും അൽപം കുടിക്കുവാൻ പറഞ്ഞു. ഞാൻ സ്നേഹപൂർവ്വം നിരസി ച്ചു. ആ കുട്ടി കിടക്കയിലിരുന്നു. ആ പാൽ കുടിച്ചു. തുടർന്ന് കിടക്കയിൽ കിടന്നു.

ആ പാവം കുട്ടിയും ഇടയ്ക്കിടെ എന്നെ ശ്രദ്ധിക്കുന്നതായി മനസ്സിലാക്കിയ എനിക്ക് വലിയ ദുഃഖമനുഭവപ്പെട്ടു. ഞാനൊരുത്തൻ കാരണമായി ആ പാവത്തിനും സ്വസ്ഥമായി ഉറങ്ങാൻ കഴിയുന്നില്ല. കുറച്ചു മിനിറ്റുകൾ കഴിഞ്ഞതേയുള്ളു, ആ കുട്ടി എഴുന്നേറ്റ് എന്റെ അടുക്കൽ വന്ന് ചോദിച്ചു, ഈ കടുത്ത തണുപ്പിൽ ഈ നേരത്ത് താങ്കൾ ഇങ്ങനെ ഇരിക്കുന്ന തെന്താണ്. താങ്കളുടെയടുക്കൽ കമ്പിളിയോ പുതപ്പോ ഒന്നുമില്ലല്ലോ? "ഞാൻ പറഞ്ഞു" മകനേ, നീ കിടന്നുറങ്ങുക. രാത്രി 9 മണിക്ക് അംറൂഹയി ലുള്ള എന്റെ വീട്ടിൽ എത്തേണ്ടവനാണ് ഞാൻ. യാദൃശ്ചികമായി എനിക്കു പോകേണ്ട വണ്ടി വിട്ടുപോയി. ഇനിനേരം വെളുക്കുന്നതിന് മുമ്പ് എനിക്ക് വണ്ടിയൊന്നുമില്ല.

ആ കുട്ടി ഉടൻതന്നെ തന്റെ കിടക്കയിൽ നിന്നും രണ്ട് കമ്പിളികൾ

എടുത്ത് ഒന്നു അടിയിൽ വിരിച്ചുകൊണ്ട് എന്നോട് പറഞ്ഞു ''ഞാൻ ഈ കമ്പിളിയിൽ കിടന്ന് മറ്റെ കമ്പിളി പുതച്ചുകൊള്ളാം. താങ്കൾ എന്റെ കിടക്കയിൽ കിടക്കുക''.

ഞാനത് സ്നേഹപൂർവ്വം നിരസിച്ചെങ്കിലും ആ കുട്ടി വീണ്ടും വീണ്ടും നിർബന്ധിച്ചപ്പോൾ ഞാൻ പറഞ്ഞു ''എന്നാൽ ശരി: മകനേ! നീ നിന്റെ കിടക്കയിൽ കിടക്കുക. ഞാൻ ഈ കമ്പിളിയിൽ കിടന്നുകൊള്ളാം''. ആ കുട്ടി വഴങ്ങിയില്ല. എന്നിട്ടു പറഞ്ഞു; താങ്കൾ എന്റെ ഈ കിടക്കയിൽ കിടക്കുകതന്നെ വേണം. ഞാൻ വീണ്ടും അത് നിരസിച്ചപ്പോൾ ആ കുട്ടി പറഞ്ഞു ''താങ്കൾ എന്റെ ഈ കിടക്കയിൽ കിടക്കുന്നതുവരെ ഞാൻ ഇതുപോലെ നിന്ന് നേരം വെളുപ്പിക്കുന്നതാണ്''.

നിർബന്ധിതാവസ്ഥയിൽ ഞാൻ ആ കിടക്കയിൽ കിടന്നു. ആ കിടക്ക അത്യന്തം ഉയർന്നതും സുഖകരവും വിലപിടിച്ചതുമായിരുന്നു. ആ കുട്ടി യുടെ ഈ മാന്യത എന്റെ മനസ്സിൽ വലിയ പ്രതിഫലനമുളവാക്കി. എന്റെ കണ്ണുകൾ കവിഞ്ഞൊഴുകി. ആ കുട്ടി കിടന്നുറങ്ങി. പക്ഷെ എനിക്കെന്റെ മാനസികാവസ്ഥ നിമിത്തം ഏതാണ്ട് സുബ്ഹിവരെ ഉറങ്ങാൻ കഴിഞ്ഞില്ല.

രാവിലെ ഞങ്ങൾ ഇരുവരുടെയും വണ്ടികൾ ഒരുമിച്ചാണ് വന്നത്. മനസ്സിനെആഴത്തിൽ പിടിച്ചു കുലുക്കിയ ഈ സംഭവത്തെ തുടർന്നുള്ള കടുത്ത മാനസിക സമ്മർദ്ദംമൂലം ആ കുട്ടിയുടെ വിലാസം പോലും കുറിച്ചെടുക്കാൻ എനിക്ക് കഴിഞ്ഞില്ല. അന്നുമുതൽ ഇന്നുവരെ യാതൊ രുബന്ധവും ആ കുട്ടിയുമായി സ്ഥാപിക്കാൻ കഴിയാത്തതിൽ എനിക്ക് അഗാധമായ ദുഃഖമുണ്ട്. അല്ലാഹുവിന്റെ ആ അടിമ എവിടെ എന്ത് അവസ്ഥയിലാണെന്നും എനിക്കറിയില്ല.

അന്നുമുതൽ ഇന്നുവരെ എന്റെ അവസ്ഥ ഇതാണ്, ഞാൻ ഈ സംഭവം ഓർക്കുകയോ ആരോടെങ്കിലും പറയുകയോ ചെയ്താൽ വർഷങ്ങൾക്കു മുമ്പുണ്ടായ മാനസിക പിരിമുറുക്കം ഒരിക്കൽക്കൂടി അനുഭവപ്പെടും. കണ്ണുനിറയുകയും ആ കുട്ടിക്കായി ദുആ ഇരക്കുകയും ചെയ്യും.

അല്ലാഹുവിന്റെ ആ അടിമയുമായി ജീവിതത്തിലൊരിക്കൽക്കൂടി കണ്ടു മുട്ടണമെന്നും അന്നത്തെ ആ ഉപകാരത്തിന് വല്ല പ്രത്യുപകാരവും ചെ യ്യണമെന്നുമുള്ള ആഗ്രഹം എന്റെ പ്രത്യേക അഭിലാഷങ്ങളിലൊ ന്നാണ്.

പക്ഷെ, മനുഷ്യന്റെ എത്രയോ ആഗ്രഹാഭിലാഷങ്ങളാണ് അവ നോടൊപ്പം ഖബറിലേക്ക് പോകാറുള്ളത് !

# ഒരു വർഗ്ഗീയ കലാപത്തിന്റെ ഓർമ്മക്കുറിപ്പ്

ക്രി: 1934 മുതൽ 1946 വരെ ഈ വിനീതന്റെ താമസം റായ്ബറേലിയിലായിരുന്നു. ഉത്തർപ്രദേശിൽ വർഗ്ഗീയസംഘർഷങ്ങളും ഹിന്ദുമുസ്‌ലീം കലഹങ്ങളും കൊണ്ട് കുപ്രസിദ്ധമായ പട്ടണങ്ങളിൽ ഒന്നാണ് ബറേലി. 12-13 വർഷത്തെ ഈ കാലയളവിൽ വലുതും ചെറുതുമായ നിരവധി കലാപങ്ങൾ നടന്നിട്ടുണ്ട്.

ക്രി. 46-ലാണെന്നാണ് ഓർമ്മ. അന്ന് ഒരു കലാപം നടന്നു. അതിന്റെ പരമ്പര നാളുകളോളം നീണ്ടുനിന്നു. നഗരപാലകർ നിരോധനാജ്ഞ പുറപ്പെടുവിച്ചിരുന്നു. 3, 4 ദിവസം കഴിഞ്ഞ് ജനങ്ങൾക്ക് അവരുടെ ആവശ്യകാര്യങ്ങൾ നിർവ്വഹിക്കാൻ രാവിലെ ചെറിയ ഒരിളവ് നൽകിയിരുന്നു. നാല് ഭാഗത്തും ജനങ്ങൾ നിറഞ്ഞുനിൽക്കുന്ന ഒരു പ്രദേശത്തായിരുന്നു എന്റെ വീട്. അതിനടുത്തു തന്നെയാണ് ഞങ്ങളുടെ മസ്ജിദ്. മസ്ജിദിനും വീടിനുമിടയിൽ പൊതുവഴി മാത്രമാണുണ്ടായിരുന്നത്. ഞങ്ങളുടെ ആ പ്രദേശത്തിന് കിഴക്ക് ഭാഗത്തായി ഹിന്ദുക്കൾ നിറഞ്ഞു താമസിക്കുന്ന ഒരു പ്രദേശമുണ്ടായിരുന്നു. മസ്ജിദിന്റെ പള്ളിയുടെ മുന്നിലുള്ള വഴിയിൽകൂടിയാണ് അവർ ചന്തയിൽ പോയിരുന്നത്.

നിരോധനാജ്ഞയിൽ അയവു നൽകപ്പെട്ട ഒരു ദിവസം രാവിലെ യാദൃശ്ചികമായി ഞാൻ പള്ളിയിലേക്ക് പോയി. അവിടെ വരാന്തയിൽ ഇരിപ്പുറപ്പിച്ച എന്റെ ദൃഷ്ടി നാൽക്കവലയിലേക്കായിരുന്നു. പെട്ടെന്ന് ഞാൻ കണ്ടു; മദ്ധ്യവയസ്കനായ ഒരു പാവം ഹിന്ദു എന്തോ ആവശ്യത്തിനായി ധൃതിപിടിച്ച് കമ്പോളത്തിലേക്ക് പോകുകയാണ്. അഴുക്കുപുരണ്ട വസ്ത്രങ്ങളണിഞ്ഞ രണ്ടു മുസ്‌ലിം കുട്ടികൾ കയ്യിൽ കുറുവടിയും പിടിച്ച് വഴിപോക്കനായ ആ ഹിന്ദുവിന്റെ അരികിലേക്ക് പായുന്നു. അവരിരുവരും വേറെ ഒരു പ്രദേശത്ത് താമസിക്കുന്നവരാണെന്നു തോന്നുന്നു. എനിക്കവരെ പരിചയമില്ലായിരുന്നു. അവരുടെ ലക്ഷ്യം മനസ്സിലാക്കിയ ഞാൻ ആദ്യം പള്ളിയിൽനിന്നുതന്നെ ശബ്ദത്തിൽ വിരട്ടി. പിന്നെ ഓടി അവരുടെ അരികിലെത്തിയശേഷം അവരോട് പറഞ്ഞു, നോക്കുക, നിങ്ങൾ വല്ല കുഴപ്പവും കാണിക്കുകയും ആരുടെയെങ്കിലും ശരീരത്തിൽ തൊടുകയും ചെയ്താൽ ഞാൻ തന്നെ സാക്ഷിനിന്നു നിങ്ങളെ അറസ്റ്റ് ചെയ്യിപ്പിക്കും. ഇത് കേട്ട അവർ എന്നോട് ഒന്നും പറയാതെ അവിടെനിന്നും മടങ്ങിപ്പോയി. ഞാൻ ആ ഹിന്ദുവിനെകമ്പോളത്തിൽ എത്തിച്ചശേഷം അവിടെ

നിന്നും മടങ്ങിവന്നു. കുറച്ചുകഴിഞ്ഞ് സമീപപ്രദേശത്തുള്ള രണ്ട് ആളുകൾ എന്നോട് വന്നുപറഞ്ഞു. താങ്കൾ ഇപ്പോൾ ഈ നാൽക്കവലയിൽവച്ച് ഒരു ഹിന്ദുവിനെരക്ഷിക്കുകയും കമ്പോളംവരെ കൊണ്ടെത്തിക്കുകയും ചെയ്തു. ഹൈന്ദവ പ്രദേശങ്ങളിൽ മുസ്‌ലിംകൾ വളരെയധികം പീഢിപ്പിക്കപ്പെടുന്നതും വധിക്കപ്പെടുന്നതും നിങ്ങൾക്കറിയില്ലേ ? ഞാൻ പറഞ്ഞു. പട്ടണത്തിലെ കാര്യങ്ങൾ എനിക്കും നന്നായറിയാം. ഊഹാപോഹങ്ങളും കുപ്രചരണങ്ങളുമാണ് വസ്തുതകളേക്കാളും കൂടുതൽ. ഇനി വാദത്തിനുവേണ്ടി നിങ്ങൾ പറയുന്നത് ശരിയാണെങ്കിൽതന്നെ വഴിയിൽക്കൂടി കടന്നുപോകുന്ന നിരപരാധികളെ ഉപദ്രവിക്കാൻ നമുക്ക് യാതൊരു അനുവാദവുമില്ല. നിങ്ങൾ ധൈര്യശാലികളാണെങ്കിൽ മുസ്‌ലിംകൾ കൊല്ലപ്പെടുന്നു എന്നറിവുകിട്ടിയ പ്രദേശത്ത് പോയി അവിടെയുള്ളവരുമായി പോര് നടത്തുക. നമ്മുടെ പ്രദേശത്തുകൂടി കടന്ന്പോകുന്ന പാവങ്ങളും നിരപരാധികളുമായ ഹിന്ദുക്കളെ ഉപദ്രവിക്കൽ, പരിശുദ്ധ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധവും അത്യന്തം അന്തസ്സുകെട്ടതും ഭീരുത്വം നിറഞ്ഞതുമാണ്. അവർ പറഞ്ഞു. ഞങ്ങൾ താങ്കളോട് ഒരു കാര്യം പറയുകയാണ്. താങ്കൾ തടഞ്ഞുനിർത്തിയ ആ രണ്ടു കുട്ടികളും താങ്കൾ ഇനി അപ്രകാരം ചെയ്യരുതെന്നും അല്ലാത്തപക്ഷം താങ്കളെ അവർ വകവെയ്ക്കില്ലെന്നും ഞങ്ങളെ അറിയിച്ചിരിക്കുകയാണ്. ഞാൻ അവരോട് പറഞ്ഞു; എന്റെ ഭാഗത്തുനിന്നും അവരോട് ഒരു കാര്യം പറഞ്ഞേക്കുക. ഞാൻ ഇനി ഈ നാൽക്കവലയിൽ നിരന്തരമായി കാവൽ നിൽക്കുന്നതാണ്. എന്റെ വീട്ടിലുള്ള ആരെങ്കിലുംതന്നെ ഏതെങ്കിലും നിരപരാധിയായ ഹിന്ദുവിനെഉപദ്രവിക്കുന്നതായി കണ്ടാൽ അല്ലാഹുവിൽ സത്യം, ഞാൻ അവനെതിരിലും സാക്ഷി നിൽക്കുന്നതാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇതുതന്നെയാണ് അല്ലാഹുവിന്റെയും റസൂലിന്റെയും നിർദ്ദേശം. ഈ വഴിയിൽ എന്റെ ജീവൻ നഷ്ടപ്പെട്ടാൽ ഇൻഷാഅല്ലാഹ് എനിക്ക് ശഹാദത്തിന്റെ (രക്തസാക്ഷ്യം) സ്ഥാനം ലഭിക്കുമെന്നുറപ്പുണ്ട്. എന്റെ ഈ മറുപടി കേട്ട് അവർ രണ്ടുപേരും തൃപ്തിപ്പെട്ടില്ലെങ്കിലും കോപമൊന്നും പ്രകടമാക്കാതെ മടങ്ങിപ്പോയി.

ഏതാനും മിനിറ്റുകൾക്കുശേഷം ഞങ്ങളുടെ പ്രദേശത്തുതന്നെയുള്ള കോപപ്രകൃതിയും ഭയപ്പെടുത്തുന്ന ആകാരവുമുള്ള ഒരാൾ വളരെ കോപത്തോടുകൂടി വന്ന് പറഞ്ഞു ''നിങ്ങളിവിടെ ഹിന്ദുക്കളെ സംരക്ഷിച്ചുകൊണ്ടിരിക്കുകയാണ് ''ദഖീറ'' മഹല്ലയിൽ നൂറുകണക്കിന് മുസ്‌ലിംകൾ ഇപ്പോൾ വെടിയേറ്റ് മരിച്ചത് നിങ്ങളറിഞ്ഞില്ലേ ? ഹിന്ദുക്കൾ ആസൂത്രിതമായി തോക്കുകൾകൊണ്ട് ആക്രമണം അഴിച്ചുവിട്ടു. പടപടാന്ന് വെടിയുണ്ടകൾ ഉതിർക്കപ്പെടുന്ന ശബ്ദം കേട്ടതായും നൂറ് കണക്കിന് മുസ്‌ലിംകൾ മരിച്ചതായും അവിടെ നിന്നും വന്ന ഒരാൾ എന്നെ അറിയിച്ചു''.

ഞാൻ പറഞ്ഞു; താങ്കൾ പറയുന്ന കാര്യം അസംഭവ്യമൊന്നുമല്ല. പക്ഷെ വസ്തുതകളെക്കുറിച്ച് യാതൊരു അന്വേഷണവും കൂടാതെയാണ് നിങ്ങൾ ഇക്കാര്യങ്ങൾ പറഞ്ഞതെന്ന് എനിക്കുറപ്പുണ്ട്. ഇത്തരം അടിസ്ഥാനരഹിതമായ വാർത്തകളാണ് കലാപങ്ങൾ പടർന്നുപിടിക്കാൻ ഹേതുവായിത്തീരുന്നത്. വരൂ നമുക്ക് രണ്ടുപേർക്കുംകൂടി റിക്ഷയിൽ ദഖീറ മഹല്ലയിലേക്ക് പോയി കാര്യങ്ങൾ കണ്ടറിയാം. അദ്ദേഹം കോപത്തോടുകൂടി പറഞ്ഞു. ഞങ്ങൾക്കിതിന്റെ ആവശ്യമൊന്നുമില്ല. നിങ്ങൾ വേണമെങ്കിൽ പോയി അന്വേഷണം നടത്തുക.

മുസിലിംകളെ പ്രകോപിതരാക്കാൻ പര്യാപ്തമായ ഈ അവസ്ഥാവിശേഷങ്ങളെ ലക്ഷ്യസഹിതം ഖണ്ഡിക്കാൻവേണ്ടി മാത്രം ഒറ്റയ്ക്കുതന്നെ ഞാൻ അവിടെ പോകാൻ തീരുമാനിച്ചു. പക്ഷെ കർഫ്യു സമയമായതിനാൽ പോലീസുകാരുടെ കൂട്ടത്തിലല്ലാതെ പോകാൻ കഴിയില്ലായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ യാദൃശ്ചികമായി പോലീസുകാരുടെ ഒരു സംഘം ഞങ്ങളുടെ വഴിയിലൂടെ കടന്നുപോയി. അതിൽനിന്നും ഒരാളെയും കൂട്ടി ഞാൻ അവിടേയ്ക്ക് പോയപ്പോൾ പ്രസ്തുത പ്രചാരണങ്ങൾ എല്ലാം തികച്ചും അവാസ്തവമായിരുന്നെന്നും ഇന്ന് 'ദഖീറ' മഹല്ലയിൽ ഒരു അനിഷ്ട സംഭവം പോലുമുണ്ടായിട്ടില്ലെന്നും അറിയാൻ കഴിഞ്ഞു. ഞാൻ മടങ്ങിവന്ന് ഇക്കാര്യങ്ങൾ ഞങ്ങളുടെ മഹല്ല് നിവാസികളോട് വിവരിച്ചു. പക്ഷെ പടപടാവെടിയുണ്ടകൾ ഉതിരുകയും നൂറുകണക്കിന് മുസ്‌ലിം മൃതദേഹങ്ങൾ മറിഞ്ഞുവീഴുകയും ചെയ്യുന്നതായുള്ള കള്ളവാർത്ത എനിക്ക് എത്തിച്ചുതന്ന വ്യക്തി ഇത് കേട്ടിട്ടും തന്റെ നിഷേധാവസ്ഥ തുടർന്നു എന്നതാണ് ഏറെ ദുഃഖകരം ! യഥാർത്ഥത്തിൽ ശത്രുക്കളെക്കാളുമേറെ മുസ്‌ലിംകൾക്ക് നാശനഷ്ടങ്ങൾ വരുത്തിവെക്കുന്നവരാണ് ഇത്തരമാളുകൾ. അല്ലാഹു നമുക്ക് സൽബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ;

ഈ ദിവസങ്ങളിൽ റേഷൻ കൺട്രോളിലൂടെയാണ് കിട്ടിക്കൊ

ണ്ടിരുന്നത്. ആ പ്രദേശത്തുള്ള നിരവധി ഹിന്ദുസുഹൃത്തുക്കൾ ഭയം നിമിത്തം റേഷൻ കടയിലേക്ക് വരാറില്ലെന്നും ഇക്കാരണത്താൽ ചില നിർദ്ധനകുടുംബങ്ങൾ പട്ടിണിയിലാണെന്നും എനിക്കറിയാൻ കഴിഞ്ഞു. രാവിലെ കർഫ്യൂവിന് അയവുവരുത്തുമ്പോഴായിരുന്നു റേഷൻ വാങ്ങാനും മറ്റുമുള്ള സമയം. ആ സമയം മുഴുവനും വഴിയിൽ കാവൽ നിൽക്കാൻ ഞാൻ തീരുമാനിച്ചു. പ്രദേശ നിവാസികളായ ചില നല്ലയുവാക്കൾ ഇതിൽ സഹകരിച്ചു. അന്തരീക്ഷം കലുഷിതമായ നാളുകളിലെല്ലാം ഞങ്ങൾ കൃത്യമായി ഈ ഡ്യൂട്ടി നിർവ്വഹിച്ചു. അന്ന് ഒരൽപ്പംകൂടി ചിന്തിച്ച് വിശാലമായ രീതിയിൽ ഈ സേവനം നടത്തിയിരുന്നെങ്കിൽ പട്ടണത്തിലെ നിരവധി ഭാഗങ്ങളിൽ ഈ സേവനത്തിന് സജ്ജനങ്ങൾ സജ്ജ രാകുമായിരുന്നു. അന്നതിന് കഴിയാത്തതിൽ ഇന്നെനിക്ക് ദു:ഖമുണ്ട്

# രക്തപ്പുഴയിലൂടെ ഒരു യാത്ര

വർഷങ്ങൾക്ക് മുമ്പ് ഇന്ത്യ സ്വതന്ത്രമായപ്പോൾ നടന്ന സംഭവങ്ങൾ അറിയാവുന്ന മാന്യ അനുവാചകർക്ക് ഭാരതം സ്വതന്ത്രമാവുകയും ഇന്ത്യയിലും പാകിസ്ഥാനിലും സ്വതന്ത്രഭരണങ്ങൾ നിലവിൽ വരുകയും ചെയ്തതിനോടനുബന്ധിച്ച് അരങ്ങേറിയ സംഭവങ്ങൾ ഓർമ്മയു ണ്ടായിരിക്കുമല്ലോ? ഇരുരാജ്യങ്ങളിലും കലാപത്തിന്റെ അണക്കെട്ട് പോട്ടിപ്പുറപ്പെട്ടു. അവിടെ നിരപരാധികളായ ഹിന്ദുക്കളും സിക്കുകാരും ഇവിടെ നിർദ്ദോഷികളായ മുസ്‌ലിംകളും മൃഗീയമായി കൊല്ലപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്ത നാളുകൾ നിരവധി കഴിഞ്ഞിട്ടും ഇന്നും അക്കാര്യങ്ങൾ ഓർക്കുമ്പോൾ മനുഷ്യഹൃദയം നടുങ്ങിപ്പോകുന്നു. മനുഷ്യ

മനസ്സുകളിൽ നിന്നും മനുഷ്യാത്മാവ് നീങ്ങിപ്പോകുകയും മനുഷ്യക്കോലങ്ങളിൽ ചെന്നായ്, സർപ്പം, തേൾ മുതലായ ക്ഷുദ്ര ജന്തുക്കളുടെ ആത്മാക്കൾ കടന്നുകൂടുകയും ചെയ്തുവെന്ന് തോന്നുന്ന വിധത്തിലായി സംഭവങ്ങളുടെ ഗതിവിഗതികൾ. അബലകളായ സ്ത്രീകളും പിഞ്ചു

പൈതങ്ങളും നിർദ്ദയം വെട്ടുംകുത്തുമേറ്റ് കൊല്ലപ്പെട്ടു. ചീറിപ്പായുന്ന ട്രെയിനുകളിൽ നിന്നും മനുഷ്യർ കല്ലുകളും മൺകട്ടകളും പോലെ പുറത്തെറിയപ്പെട്ടു. ഉത്തരേന്ത്യയിൽ നിരവധി സ്ഥലങ്ങളിൽ മുസ്‌ലിംകൾ തീവണ്ടിയാത്ര മാറ്റിവെച്ചു. അതിനെതുടർന്നു എല്ലാ ട്രെയിനിലും ഒന്നു രണ്ടു കംപാർട്ടുമെന്റുകൾ മുസ്‌ലിംകൾ മാത്രം യാത്ര ചെയ്യാൻ സർക്കാർ സജ്ജീകരണം ചെയ്തു. അവയിൽ സായുധ പോലീസിന്റെ കാവൽ ഏർപ്പെടുത്തിയിരുന്നു. ഈ സമയത്ത് നടന്ന ഒരു സംഭവമാണ് ചുവടെ ചേർക്കുന്നത്.

എനിക്ക് ലഖ്നൗവിൽ നിന്നും സഹാറൻപൂർ വഴി ദേവ്ബന്ദിലേക്കും, അവിടെ നിന്നും ഡൽഹിയിലേക്കും പോകേണ്ട ഒരാവശ്യം നേരിട്ടു. അന്നത്തെ പതിവനുസരിച്ച് മുസ്‌ലിംകൾക്ക് മാത്രമുള്ള കംപാർട്ടുമെന്റിൽ ഞാൻ കയറി. മുസ്‌ലിംകൾക്കായി ട്രെയിനിൽ പ്രത്യേക സജ്ജീകരണം ചെയ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം പത്രങ്ങളിലൂടെയും മറ്റും അറിഞ്ഞി രുന്നെങ്കിലും ഇത് നേരിട്ടുള്ള അനുഭവമായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ ട്രെയിൻ പുറപ്പെട്ടു. മുസ്‌ലിം യാത്രക്കാർ അതിലെ സ്ഥലസൗ കര്യത്തെക്കാൾ കൂടുതലായിരുന്നതിനാൽ കംപാർട്ടുമെന്റ്

ആകെ തിങ്ങിനിറഞ്ഞിരുന്നു. ഞാൻ നിശബ്ദനായി ഇങ്ങനെ ചിന്തിക്കു കയായിരുന്നു; ഈ രാജ്യത്തിന്റെ സ്വാതന്ത്രത്തിനുവേണ്ടി അനുഷ്ഠിച്ച ത്യാഗ പരിശ്രമങ്ങളിൽ നാം മുസ്ലിംകൾ വലിയ ഒരു പങ്ക്വഹിച്ചിട്ടു ണ്ട്. ഇതിനുവേണ്ടി നമ്മുടെ മഹാൻമാർ കണക്കറ്റ വേദനകൾക്കും യാതനകൾ ക്കും ഇരയായിട്ടുണ്ട്. എന്നാൽ ആ സ്വാതന്ത്ര്യം കിട്ടിയതി നുശേഷം ഇന്ന് നമ്മുടെ അവസ്ഥ എന്താണ് ? ലഖ്നൗവിൽ നിന്നും സഹാറൻപൂർവരെ പോകാൻ അടച്ചുപൂട്ടപ്പെട്ട കംപാർട്ടുമെന്റിൽ സാ യുധപോലീസിന്റെ ആവശ്യം നേരിടുക ! ഇതോർത്ത് എനിക്ക് വലിയ ദുഃഖമുണ്ടായി. കംപാർട്ടുമെന്റിൽ യാത്ര ചെയ്യുന്ന മുസ്ലിംകൾ ഈ വിഷയത്തിൽ നടത്തുന്ന ചർവ്വിത ചർവ്വണങ്ങൾ കേട്ടപ്പോൾ എന്റെ ദുഃഖത്തിന്റെ ആഴം കൂടുകയാണ് ചെയ്തത്. ഈ അവസ്ഥാ വിശേഷ ങ്ങളുടെ ഭൗതികവും ബാഹ്യവുമായ കാരണങ്ങളെക്കുറിച്ച്പോലും അവർക്ക് വിവരമില്ലെന്നും ഇതിൽ നിന്നും രക്ഷപ്പെടാനുള്ള മാർഗ്ഗ ത്തെക്കുറിച്ച് ചിന്തയില്ലെന്നും അല്ലാഹുവുമായി തങ്ങളുടെ ബന്ധം ബലപ്പെടുത്തി അവന്റെ സഹായം നേടിയെടുക്കാനുള്ള ഒരു വിചാരവും ഇല്ലെന്നും ഞാൻ മനസിലാക്കി.

കുറച്ചുകഴിഞ്ഞപ്പോൾ വണ്ടി ''ഹർദുയി'' സ്റ്റേഷനിലെത്തി. ഞാൻ ''അസർ'' നമസ്കരിക്കാനായി താഴെ പ്ലാറ്റ്ഫോമിലേക്കിറങ്ങാൻ തയ്യാറായി. എന്നാൽ അതിലുണ്ടായിരുന്ന മുസ്ലിം സഹോദരങ്ങ ളെല്ലാം എന്നെ ശക്തമായി തടഞ്ഞു. ഞാൻ താഴെ ഇറങ്ങിയാലുടൻ കൊല്ലപ്പെടും എന്നാ യിരുന്നു അവരുടെ ഭയം. ഞാൻ അവരെ കാര്യം പറഞ്ഞ് മനസ്സിലാക്കാൻ വളരെ ശ്രമിച്ചിട്ടും അവർ കാര്യം മനസ്സിലാ ക്കാതിരിക്കുകയും ഞാൻ താഴെ ഇറങ്ങരുതെന്ന് ശഠിക്കുകയും ചെയ്തു. അവരിൽ ചിലർ എന്നോട് കോപി ക്കാനും തുടങ്ങി. അവരുടെ ഈ ഭീരുത്വം കണ്ടപ്പോൾ വണ്ടിയിൽനിന്നും ഇറങ്ങി പ്ളാറ്റ്ഫോറത്തിൽ നിന്ന് നമസ്കരിക്കൽ ആവശ്യം തന്നെയാണെ ന്ന് ഞാൻ മനസ്സിലാ ക്കി. അവസാനം ഞാൻ ഇറങ്ങി. പൈപ്പ് ദൂരത്തായി രുന്നു. ഞാൻ അവിടെ പോയി വെള്ളം കൊണ്ടുവന്നു. സമാധാനമായി വുളൂഅ് ചെയ്തു പ്ളാറ്റ്ഫോറത്തിൽ മുസ്വല്ലവിരിച്ച് നമസ്കരിച്ചു തുടങ്ങി. നമസ്കാരം കഴിഞ്ഞയുടനെവണ്ടി പുറപ്പെട്ടു. ഞാൻ ഉടനെ കംപാർ ട്ടുമെ ന്റിൽ കയറി. തുടർന്ന് ഞാൻ അവരോട് പറഞ്ഞു: എനിക്ക് കംപാർട്ടുമെന്റിന് അകത്ത്വെച്ച് നമസ്കരിക്കാമായിരുന്നു. പക്ഷെ നിങ്ങളുടെ ഭയം ദൂരീകരിക്കാൻ വണ്ടിയിൽ നിന്നിറങ്ങി നമസ്കരി ക്കൽ വളരെ ആവശ്യമായി ഞാൻ കരുതി. ഞാൻ പ്ളാറ്റ്ഫോറത്തിൽ

ഇറങ്ങി നമസ്കരിച്ചതും, ദൂരെപ്പോയി വെള്ളം എടുത്തുകൊണ്ടുവന്ന തും നിങ്ങൾ കണ്ടുകഴിഞ്ഞല്ലോ ? നിങ്ങൾക്ക് ഈ രാജ്യത്ത് ജീവി ക്കാനാഗ്രഹമുണ്ടെങ്കിൽ ഇത്തരം ഭയം നിങ്ങളുടെ മനസ്സിൽ നിന്നും മാറ്റിവയ്ക്കുക. അല്ലെങ്കിൽ മരണത്തിന് ഒരിക്കലും നിങ്ങളെ പിടികൂടാൻ കഴിയാത്ത ഒരു ലോകത്ത് പോയി താമസിക്കുക. ഇതിനുശേഷം ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ ദാസൻമാരെ ! ഈ ലോകത്ത് ഓരോ സമൂ ഹത്തിനും ഭീഷണികൾ നിറഞ്ഞ കടുത്ത അവസ്ഥകൾ ഉണ്ടാകുക സാധാരണമാണ്. പക്ഷെ ഇത്തരം ഘട്ടങ്ങളിൽ ഉറച്ച് നിൽക്കുകയും ഭീഷണികൾക്കെതിരിൽ ചിന്തിച്ചാലോചിച്ച് ശരിയായ പാത തിര ഞ്ഞെടുക്കുകയും ചെയ്താൽ അവസ്ഥകൾ മാറിമറിയുന്നതാണ്. നിങ്ങൾ നിങ്ങളുടെ ചുറ്റുമുള്ള അവസ്ഥകളും കഴിഞ്ഞനാളുകളിൽ നിങ്ങൾ കാട്ടിക്കൂട്ടിയതും പരിണിതഫലം ചിന്തിക്കാതെ നേതാക്കൾ നിങ്ങളെ ക്കൊണ്ട് ചെയ്യിപ്പിച്ചതുമായ വിഡ്ഢിത്തങ്ങളും തെറ്റുകുറ്റങ്ങളും മനസ്സി ലാക്കാൻ ശ്രമിക്കുക. ഇനിമുതൽ ശരിയായപാത തെരഞ്ഞെടുക്കുക യും ചെയ്യുക. ഇതോടൊപ്പം, എന്നല്ല ഏറ്റവും ആദ്യമായിട്ട് യഥാർത്ഥ മുസ്‌ലിമായി തീരുകയും അല്ലാഹുവുമായിട്ടുള്ള ബന്ധം ഉറപ്പിക്കുകയും ചെയ്യുക. കാരണം ഇതുകൂടാതെ അല്ലാഹുവിന്റെ സഹായം തേടുക സാദ്ധ്യമല്ല. ചുരുക്കത്തിൽ ആ സമയത്ത് അല്ലാഹു എന്റെ മനസ്സിൽ തോന്നിപ്പിച്ച കാര്യങ്ങൾ ഞാൻ അവരോട് പറഞ്ഞു. എന്റെ വാക്ക് അവരിൽ എന്ത് പ്രതികരണമാണുണ്ടാക്കിയതെന്ന് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞില്ല.

ഇതിനുശേഷം അടുത്ത സ്റ്റേഷനിൽ ട്രെയിൻ നിർത്തുമ്പോൾ താഴെ യിറങ്ങിത്തന്നെ മഗ്‌രിബ് നമസ്കരിക്കുമെന്നും ഞാൻ തീരുമാനിച്ചു. തോക്കുകളുമേന്തി നിൽക്കുന്ന സുരക്ഷാഭടൻമാരുമായി ഇങ്ങനെ അടച്ചുപൂട്ടപ്പെട്ട കംപാർട്ടുമെന്റിൽ യാത്രചെയ്യുന്നത് നിന്ദ്യമാണെന്ന് എനിക്ക് തോന്നി. അഥവാ ഇക്കാര്യം ഇങ്ങനെതന്നെ തുടരുകയാണെ ങ്കിൽ മുസ്‌ലിംകൾ ഈ നാട്ടിൽ എന്നും ഭീരുക്കളായി ജീവിക്കേണ്ടിവരും. എന്തായാലും ഞാൻ അതിനുതന്നെ തീരുമാനമെടുത്തു. അങ്ങനെട്രെ യിൻ ''ഷാജഹാൻപൂർ'' സ്റ്റേഷനിൽ നിർത്തി. മഗ്‌രിബിന്റെ സമയമായി ക്കഴിഞ്ഞിരുന്നു. ഞാൻ എന്റെ തീരുമാനമനുസരിച്ച് താഴെയിറങ്ങി. മുസ്വല്ല വിരിച്ച് നമസ്കാരമാരംഭിച്ചു. വേറൊരു കംപാർട്ടുമെന്റിൽ പോയിരിക്കാൻ സായുധപോലീസ് എന്നെ അനുവദിക്കുകയില്ലെന്ന് ഞാൻ അനുമാനിച്ചു. അതുകൊണ്ട് ട്രെയിൻ വിടുന്നതുവരെയും നമസ്കരിച്ചു കൊണ്ടേയിരിക്കാനും ട്രെയിൻ വിട്ടുകഴിഞ്ഞാലുടൻ

ഓടിപ്പോയി വേറൊരു കംപാർട്ടുമെന്റിൽ ഇരിക്കാനും തീരുമാനിച്ചു. അങ്ങനെട്രെയിൻ വിടുന്നതുവരെ ഞാൻ നമസ്ക്കാരം നിർത്തിയില്ല. ട്രെയിൻ വിട്ടപ്പോൾ ഞാൻ വേഗത്തിൽ ഓടിപ്പോയി വേറൊരു കം പാർട്ടുമെന്റിൽ കയറി. പാവം പോലീസുകാർ ശബ്ദവും ബഹളവും ഉണ്ടാക്കിയെങ്കിലും ഞാൻ കേൾക്കാ ത്തതുപോലെ നടിച്ചു.

ഒരു മുസ്ലിം അതും മൗലവിവേഷം ധരിച്ചു താടിവെച്ച ഒരു മുസ്ലിം ഇങ്ങനെപൊതു കംപാർട്ടുമെന്റിൽ കയറുന്നതുകണ്ട് അതിലുള്ള യാത്രക്കാരെല്ലാം അത്ഭുതപ്പെട്ടു. എല്ലാവരും എന്നെത്തന്നെ നോക്കാൻ തുടങ്ങി. അക്കൂട്ടത്തിൽ നല്ലവരും മാന്യരുമായ ചില ഹിന്ദുക്കൾ എന്നെ അനുകമ്പയോടുകൂടി നോക്കുന്നതായി ഞാൻ കണ്ടു. ഇതു കണ്ട ഞാൻ ഉടനെതന്നെ അവരോട് പറഞ്ഞു; നിങ്ങൾ സമാധാനമായി ഇരിക്കുക. ഞാൻ മറന്നോ തെറ്റിയോ ഇവിടെവന്ന് കയറിയതല്ല. ഞാൻ ഇത്രനേരം മുസ്ലിംകളുടെ കംപാർട്ടുമെന്റിൽ തന്നെയായിരുന്നു യാത്ര ചെയ്തിരുന്നത്. എന്റെ സാധനസാമഗ്രികൾ ഇപ്പോഴും അവിടെത്തന്നെ യുണ്ട്. പക്ഷെ ഇങ്ങനെയാത്ര ചെയ്യൽ തികച്ചും തെറ്റാണെന്ന് എന്റെ മനസ്സ് വിളിച്ചുപറഞ്ഞു. നാം ഇങ്ങനെയാത്രചെയ്തുകഴിഞ്ഞാൽ ഈ വണ്ടിയിൽ മനുഷ്യരല്ല ക്ഷുദ്രജന്തുക്കളാണ് യാത്രചെയ്യുന്നതെന്ന് പറയേണ്ടിവരും. എന്റെ മനസ്സ് അതനുവദിച്ചില്ല. ഇക്കാര്യം തെറ്റാണെന്ന് നിങ്ങളെ അറിയിക്കാനാണ് ഞാൻ വന്നത്. മാന്യൻമാരായ നിങ്ങൾ എന്റെ അഭിപ്രായത്തോട് യോജിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മറ്റൊരു കാര്യം ഇതാണ്; എനിക്കൊരു വിശ്വാസം ഉണ്ട്. അതായത് എന്നെ പടച്ചവൻ ഞാൻ ഈ ലോകത്ത് ജീവിക്കുവാൻ വിധിച്ചിട്ടുള്ള സമയം കഴിയുന്നതിനുമുമ്പ് എന്റെ ജീവിതം ആർക്കും അവസാനിപ്പിക്കുവാൻ സാധ്യമല്ല. എന്റെ മരണത്തിന്റെ സമയമായിക്കഴിഞ്ഞാൽ എന്നെ മരണത്തിൽ നിന്നും രക്ഷിക്കാനും ആർക്കും കഴിയുകയില്ല. അതുകൊണ്ട് ഞാൻ ശരിക്കും ചിന്തിച്ച് മനസ്സിലാക്കി ജീവൻ പണയംവച്ചിട്ടാണ് ഇങ്ങോട്ട് വന്നത്. ഞാൻ ഇക്കാര്യങ്ങൾ ട്രെയിനിൽ കയറിയ ഉടനെ നിന്നുകൊണ്ടാണ് പറഞ്ഞത്. ഇരിയ്ക്കാൻ ഒഴിഞ്ഞസ്ഥലമൊന്നും ഉണ്ടായിരുന്നില്ല. പക്ഷെ എന്റെ ഈ വാക്കുകൾ അസാധാരണമായ പ്രതികരണമുളവാക്കി. ഏതാണ്ട് എല്ലാവരും തങ്ങളുടെ അരികിൽ സ്ഥലം ശരിപ്പെടുത്തി ഇരിയ്ക്കാനപേക്ഷിച്ചു. ഞാൻ അക്കൂട്ടത്തിൽ മുതിർന്ന ഒരാളുടെ അരികിൽ പോയി ഇരുന്നു. തുടർന്ന് അവരിൽ ഓരോരുത്തരും അന്ന് കത്തിക്ക യറിക്കൊണ്ടിരുന്ന കലാപകലുഷിതമായ അന്തരീക്ഷത്തെയും മനുഷ്യ ത്വമില്ലാത്ത പ്രവർത്ത

നങ്ങളെയും കുറിച്ച് അവരവരുടെ ശൈലിയിൽ എതിർപ്പും വെറുപ്പും പ്രകടിപ്പിക്കാൻ തുടങ്ങി.  ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ വണ്ടി ബലേരി സ്റ്റേഷനിൽ എത്തി. ഷാജഹാൻപൂർ സ്റ്റേഷനിൽവച്ച് ഞാൻ ഓടിക്കയറിയ കംപാർട്ട്മെന്റ് പോലീസുകാർ കണ്ടുവച്ചിരുന്നു. ബലേരി സ്റ്റേഷനിൽ വണ്ടി നിർത്തിയ ഉടനെഒരു പോലീസുകാരൻ പരിഭ്രമവും കോപവും നിറഞ്ഞ നിലയിൽ ഓടിവന്നു. അദ്ദേഹം പറഞ്ഞു നിങ്ങൾ ഞങ്ങളെ പരിഭ്രമിപ്പിച്ചുകളഞ്ഞു. നിങ്ങളുടെ സംരക്ഷണം ഞങ്ങളുടെ ഉത്തരവാദിത്വമാണ്. ഞാൻ അദ്ദേഹത്തോട് പറഞ്ഞു; ഞാൻ സന്തോഷ ത്തോടെ സമാധാനത്തോടെ ഇവിടെയിരിക്കുന്നത് നിങ്ങൾ കണ്ടില്ലേ ? നിങ്ങൾ സമാധാനപ്പെടുക. ഞാൻ സുഖമായി ഇവിടെത്തന്നെ ഇരുന്നുകൊള്ളാം. എങ്കിലും ഞാൻ അവിടെനിന്നും എഴുന്നേറ്റ് പഴയ കംപാർട്ടുമെന്റിൽ പോയി ഇരിയ്ക്കണമെന്ന് അദ്ദേഹം നിർബന്ധംപിടിച്ചു. എന്നാൽ ഈ കംപാർട്ടുമെന്റിൽ ഉണ്ടായിരുന്ന ഹൈന്ദവരും സിക്കുകാരുമായ യാത്രക്കാർ ഒന്നടങ്കം എന്നെ വിടാൻ പറ്റുകയില്ലെന്ന് പറയുകയുണ്ടായി. മാത്രമല്ല അവരിൽ ഒരാൾ പോ ലീസുകാരനോടൊപ്പം പോയി എന്റെ സാധനങ്ങൾ അവിടെനിന്നും എടുത്തുകൊണ്ടു വരുകയും ചെയ്തു. ഈ അനുഭവ ത്തിനുശേഷം ഓരോ സ്റ്റേഷനിലും ഇങ്ങനെ കംപാർട്ടുമെന്റ് മാറിമാറിയി രിയ്ക്കണമെ ന്ന് എനിക്കാഗ്രഹമുണ്ടായി. പക്ഷെ അവിടെയുണ്ടായിരുന്നവ രുടെ നിഷ്കളങ്കതയും സ്നേഹവും കണക്കിലെടുത്തുകൊണ്ടും കൂടാതെ രാത്രി യാത്രക്കാർക്ക് ഉറങ്ങാനുള്ള സമയമായതിനാലും ഞാൻ ആ തീരുമാനം മാറ്റിവച്ചു. രാത്രി ഏകദേശം 3 മണിക്ക് വണ്ടി സഹാറൻ പൂരിൽ എത്തിച്ചേർന്നു. ഞാൻ വണ്ടിയിൽ നിന്നും ഇറങ്ങി.

സ്റ്റേഷനിൽ ഇറങ്ങിയ ഞാൻ നേരെ വെയിറ്റിംഗ് റൂമിലേക്കുപോയി. പഞ്ചാബിൽ നിന്നും സഹാറൻപൂർ വഴി ഡൽഹിയിലേക്ക് പോകുന്ന വണ്ടിയിലായിരുന്നു എനിക്ക് ദേവ്ബന്ദിലേക്ക് പോകേണ്ടിയിരുന്നത്. പ്രസ് തുത വണ്ടി രാവിലെ കൃത്യസമയത്തുതന്നെ എത്തിച്ചേർന്നു. അക്കാലത്ത് പഞ്ചാബ് ഭാഗത്തുനിന്നും വരുന്ന ട്രെയിനുകളിൽ യാത്ര ചെ യ്യുന്ന യാത്രികരിൽ ബഹുഭൂരിഭാഗവും പടിഞ്ഞാറൻ പാകിസ്ഥാനിലെ പ്രദേശങ്ങളായ ഫ്രണ്ടിയർ, സിന്ധ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ നിന്നും പാലായനം ചെയ്തുവരുന്ന ഹൈന്ദവരും സിക്കുകാരുമായിരുന്നു. സ്വന്തം ബന്ധുമിത്രാദികൾ വധിക്കപ്പെടുന്ന കാഴ്ച നേരിൽ കണ്ടവരും മർദ്ദനപീഢനങ്ങൾ അനുഭവിച്ചവരും വെട്ടുകളും മുറിവുകളും ഏറ്റവ രുമായിരുന്നു അവരിൽ കൂടുതലും. ഇക്കാരണത്താൽ മുസ്ലിംക

ൾക്കെതിരിൽ അവരുടെ അകതാരിൽ ആളിക്കത്തിയിരുന്ന വെറുപ്പും വിദ്വേഷവും അനുമാനിക്കാവുന്നതേയുള്ളു. ഇതുകൊണ്ടുതന്നെ ആ ട്രെയിനുകളിൽ മുസ്‌ലിംകൾക്കുള്ള സുരക്ഷാഏർപ്പാടുകൾ കൂടുതൽ ശക്തമാക്കിയിരുന്നു. എനിക്ക് ഈ വിവരം അറിവുണ്ടായിട്ടും ആ വണ്ടിയിലും പൊതുബോഗിയിൽ തന്നെ കയറണമെന്ന് ഞാൻ തീരുമാനിച്ചു. ഈ തീരുമാനത്തിനായി എന്റെ മനസ്സിനെവളരെയധികം പിടിച്ചുകെട്ടുകയും പരിശുദ്ധ ഖുർആനിന്റെ നിരവധി ആയത്തുകൾ കൊണ്ട് മനസ്സിന്റെ ഉള്ളറകൾ നിറക്കുകയും ചെയ്തു. ചുരുക്കത്തിൽ ട്രെയിൻ പുറപ്പെടുമ്പോൾ ഇവിടെനിന്നും ഓടിച്ചെന്ന് ഒരു പൊതു കംപാർട്ടുമെന്റിൽ തന്നെ കയറാൻ തീരുമാനിച്ചുറച്ചു.

അങ്ങിനെഞാൻ വെയിറ്റിംഗ്റൂമിൽ ട്രെയിൻ പുറപ്പെടുന്നത് പ്രതീക്ഷിക്കാൻ തുടങ്ങി. അവസാനവിസിലുമടിച്ച് ട്രെയിൻ നീങ്ങിത്തുടങ്ങിയപ്പോൾ ഞാൻ ഓടിച്ചെന്ന് ഒരു കംപാർട്ടുമെന്റിൽ കയറി. ആ കംപാർട്ടുമെന്റിൽ നല്ല തിരക്കുണ്ടായിരുന്നു. അതുകൊണ്ട് എനിക്ക് നിൽക്കേണ്ടിവന്നു. ചില യാത്രക്കാരുടെ കണ്ണിൽ അത്ഭുതവും മറ്റുചിലരിൽ കത്തിജ്വലിക്കുന്ന രോഷവും ഞാൻ കണ്ടു. പാകിസ്ഥാനിൽ നിന്നും വരുന്ന ഹിന്ദുക്കളും സിക്കുകാരുമായിരുന്നു ആ കംപാർട്ടുമെന്റിൽ ഉണ്ടായിരുന്നത്. അവരിൽ കൂടുതലും ഹിന്ദുക്കളായിരുന്നു. സിക്കുകാർ നാലഞ്ച് പേർ മാത്രം. രണ്ട് മൂന്ന് മിനിറ്റ് കഴിഞ്ഞ്കാണും മുകളിൽ ഒരു സീറ്റിൽ കിടന്നിരുന്ന ഒരാൾ എന്നെ നോക്കി അലറാൻ തുടങ്ങി. ഈ മുസ്‌ലിംകൾ ഇവിടെ ഇങ്ങനെസ്വതന്ത്രമായി വിരാജിച്ച് കൊണ്ടിരിക്കുകയാണ്. പാകിസ്ഥാനിലാ കട്ടെ നമ്മുടെ മേൽ ഭയങ്കരമായ കൊള്ളയും കൊലയും നടന്നു കൊണ്ടിരിക്കുന്നു. എനിക്ക് അദ്ദേഹത്തിന്റെ വാക്കുകൾ ശരിക്കോർമ്മയില്ല. പക്ഷെ ആശയം മുകളിൽ പറഞ്ഞതുതന്നെയാണ്. പകുതി പഞ്ചാബിയും പകുതി ഉറുദുവും കലർന്നതായിരുന്നു അദ്ദേഹത്തിന്റെ ഭാഷ. ഞാൻ തലയുയർത്തി അദ്ദേഹത്തിന്റെ നേരെനോക്കി. മുറിവുകളേറ്റ ഒരു ഹിന്ദുവായിരുന്നു അദ്ദേഹം. പല സ്ഥലങ്ങളിലും മുറിവുവെച്ചുകെട്ടി യിരുന്നു. അദ്ദേഹത്തിന്റെ പരാതി നിറഞ്ഞ വാക്കുകൾ ഭൂരിഭാഗം യാത്രക്കാരെയും എനിയ്ക്കെതിരിൽ ഇളക്കിവിട്ടു. അന്തരീക്ഷം കലുഷി തമായി. എന്റെ അവസാനസമയം അടുത്തെന്ന് എനിക്കുതോന്നി. അന്തരീ ക്ഷം ആകെ ഇളകിമറിഞ്ഞതോടെ ചിലർ എന്റെ അടുക്കലേക്ക് നീങ്ങി ത്തുടങ്ങി. ഞാൻ നിന്നിരുന്ന സ്ഥലത്തിനരുകിൽ മധ്യവയസ്ക്കരായ രണ്ട് സിക്കുകാർ ഇരുന്നിരുന്നു. അവർ എന്റെ കൈ പിടിച്ചുവലിച്ച് അവരുടെ

ഇടയിൽ ഇരുത്തി. അവരുടെ കൃപാണുകളിൽ കൈവച്ചുകൊണ്ട് ശബ്ദത്തിൽ അവർ ഇങ്ങിനെമുന്നറിയിപ്പു നൽകി. ആരെങ്കിലും ഇദ്ദേഹത്തെ ഉപദ്രവിക്കുകയാണെങ്കിൽ ഞങ്ങൾ തിരിച്ചടിക്കും. ഞങ്ങളുടെ ജീവൻ പോയാലും ശരി നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ നിങ്ങളെ ഉപദ്രവിച്ചവരോട് പോയി നിങ്ങൾ പകരം വീട്ടുക. ഇദ്ദേഹം നിങ്ങളെ എന്താണ് ചെയ്തത് അല്ലാഹുതആലായുടെ അപാരമായ കഴിവും ശേഷിയും മാത്രമാണിത്. കാരണം മുസ്ലിംകൾക്കെതിരിൽ അവർ നടത്തിയ കൊള്ളയ്ക്കും കൊലയ്ക്കും യാതൊരുകണക്കുമില്ലായിരുന്നു. എന്തായാലും ഈ രണ്ട് സിക്ക് സഹോദരങ്ങൾ ഗർജ്ജിച്ചുകൊണ്ട് ഇക്കാര്യം പറയുകയും എന്നെ അവരുടെ ഇടയിൽ പിടിച്ചിരുത്തുകയും ചെയ്തിരുന്നതിനാൽ എന്റെ അരികിലേക്ക് നടന്നു നീങ്ങിയവർക്ക് എന്നിലേക്ക് എത്താൻ കഴിഞ്ഞില്ല. കുറേ നേരത്തേക്ക് കമ്പാർട്ടുമെന്റിൽ നിശബ്ദത നിറഞ്ഞുനിന്നു. അവസരം മുതലെടുത്തുകൊണ്ട് മുകൾ സീറ്റിൽ കിടന്നിരുന്ന ആയാത്രികനെനോക്കി ഞാൻ പറഞ്ഞു. എന്റെ സഹോദരാ! നിരപരാധിയായ നിങ്ങൾ പീഢിപ്പിക്കപ്പെടുകയും മർദ്ദിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. നിങ്ങളുടെ കോപം തികച്ചും സ്വാഭാവികമാണ്. പക്ഷെ ഒരു കാര്യം നിങ്ങൾ ചിന്തിക്കുക. ഇവിടെ നടക്കുന്ന അക്രമങ്ങൾക്ക് അവിടെയുള്ള ഹൈന്ദവരോടും അവിടെ നടക്കുന്ന അക്രമങ്ങൾക്ക് ഇവിടുത്തെ മുസ്ലിംകളോടും പ്രതികാരം ചെയ്യാൻ തുടങ്ങുകയും ഈ പൈശാചിക പ്രവർത്തി ഇതേ നിലയിൽ തുടരുകയും ചെയ്താൽ എന്റെയും നിങ്ങളുടെയും അന്ത്യം എങ്ങനെയായിരിക്കും. നമ്മെ പിടികൂടിയിരിക്കുന്ന ഭ്രാന്ത് ഇരുഭാഗത്തുമുള്ള ലക്ഷോപലക്ഷം കുടുംബങ്ങളെ തകർത്ത് തരിപ്പണമാക്കിക്കഴിഞ്ഞു. നമുക്കിനിയെങ്കിലും വിവേകം ഉദിക്കേ ണ്ടിയിരിക്കുന്നു. ഇതിനുശേഷം ഞാൻ പൊതു യാത്രികരെ സംബോ ധനചെയ്തുകൊണ്ട് പറഞ്ഞു എന്തെങ്കിലും മറവിയോ തെറ്റോ സംഭവിച്ചതുകൊണ്ടല്ല ഞാൻ ഈ കമ്പാർട്ട്മെന്റിൽ കയറിയത്. മറിച്ച് ഞാൻ എന്റെ ജീവനെപണയം വച്ചിട്ടാണ് ഇങ്ങോട്ട് വന്നത്. എന്നെ ആരാണോ പടച്ചത് അവൻ എനിക്ക് മരണത്തിന് ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. അതിനുമുമ്പ് ആർക്കും എന്നെ മരിപ്പിക്കാൻ കഴിയുകയില്ല. എന്റെ മരണസമയം സമാഗതമായിക്കഴിഞ്ഞാൽ ആർക്കും എന്നെ മരണത്തി ൽനിന്നും രക്ഷിക്കാനും കഴിയുകയില്ല. ഇതെന്റെ ഉറച്ച വിശ്വാസമാണ്. നിങ്ങളുടെ വിശ്വാസവും ഇങ്ങനെതന്നെ ആയിരിക്കുമെന്നാണ് ഞാൻ കരുതുന്നത്. തുടർന്ന് ഞാൻ ആ രണ്ട് സിക്ക് സഹോദരങ്ങളെ ചൂ

ണ്ടിക്കാ ണിച്ചുകൊണ്ട് പറഞ്ഞു. എനിക്ക് ഇവരെ അറിയില്ല. ഇവർക്ക് എന്നെക്ക റുറിച്ചും അറിവ് ഉണ്ടായിരിക്കുകയില്ല. പക്ഷെ എന്റെ മരണസമയം സമാഗത മാകാത്തതുകൊണ്ട് അല്ലാഹുതആല ഇവരെ എന്നെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും കാരണക്കാരാക്കി. പ്രസ്തുത കമ്പാർട്ട്മെന്റിൽ ഖദർജൂബ്ബയും ഗാന്ധിത്തൊപ്പിയും അണിഞ്ഞിരുന്ന ഒരു വയോധികൻ ഒരു ഭാഗത്തിരിപ്പുണ്ടായിരുന്നു. എന്റെ ഈ സംസാരത്തിനു ശേഷം അദ്ദേഹം എഴുന്നേറ്റ് നിന്ന് പ്രതികാര ദാഹം നിറഞ്ഞുതുളുമ്പുന്ന ഈ പൈശാചിക പരമ്പരകൾക്കെതിരെ നല്ല ശൈലിയിൽ കുറച്ച് കാര്യങ്ങൾ പറഞ്ഞു. പ്രഥമദൃഷ്ടിയാ ഏതോ നേതാവിന്റെ രീതിയും ശൈലിയുമുള്ള അദ്ദേഹം പ്രസംഗിച്ച് ശീലമുള്ള ആളാണെന്ന് തോന്നുന്നു. എങ്കി ലും കംപാർട്ടുമെന്റിലെ കലുഷിത അന്തരീക്ഷം കെട്ടടങ്ങിയതിനുശേഷമാണ് ആ മനുഷ്യൻ ഇത്തരം ഒരു ഉപദേശത്തിന് ധൈര്യം കാട്ടിയത്. സഹാറൻപൂരിനും ദേവ്ബന്ദിനും ഇടയിൽ സ്റ്റോപ്പുകളൊന്നും ഇല്ലാത്ത ഈ വണ്ടി അരമണിക്കൂറിനകം ദേവ്ബന്ദിൽ എത്തിച്ചേർന്നു. ഞാനവിടെ ഇറങ്ങി.

## ഡൽഹിയിലേക്ക്

രണ്ടുമൂന്ന് ദിവസം ദേവ്ബന്ദിൽ നിന്നതിനുശേഷം ഡൽഹിയിലേക്ക് പോകാനായിരുന്നു പരിപാടി. ദേവ്ബന്ദിൽനിന്ന് ഡൽഹിവരെയും ഏതുതരം കമ്പാർട്ടുമെന്റിലാണ് ഞാൻ യാത്രചെയ്തതെന്ന് എനിക്കിപ്പോൾ ഓർമ്മയില്ല. എങ്ങനെയായാലും ഞാൻ ഡൽഹിയിൽ എത്തിച്ചേർന്നു. ഒന്നുരണ്ട് പ്രത്യേക പ്രദേശങ്ങൾ ഒഴികെ മറ്റെവിടെയും മുസ്‌ലിംകൾക്ക് സ്വതന്ത്രമായി നടക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു അന്ന് ഡൽഹിയിൽ നിലനിന്നിരുന്നത്. എനിക്ക് ഖാസിംജാൻ സ്ട്രീറ്റിലൂടെ ജംഇയത്തുൽ ഉലമ എ-ഹിന്ദിന്റെ ഓഫീസിലേക്കാണ് പോകേണ്ടിയിരുന്നത് സ്റ്റേഷനിൽനിന്നും ചാന്ദ്നിചൗക്ക് ബില്ലിമാരാൻ വഴി ഖാസിംജാൻ സ്ട്രീറ്റിലേക്ക് നടന്നുപോകാൻ ഞാൻ തീരുമാനിച്ചു. മുസ്‌ലിംകൾ ഇങ്ങനെഭീതിയോടുകൂടി കഴിയുന്നതിന് പകരം പരസ്യമായി കമ്പോള ങ്ങളിലും മറ്റും നടക്കാൻ സമയമായിരിക്കുന്നു എന്നായിരുന്നു എന്റെ വിചാരം. എന്റെ ഈ നടത്തം ചില സഹോദരങ്ങൾക്ക് പ്രേരണ പകരുമെന്നും അവർ അല്ലാഹുവിങ്കൽ ഭരമേൽപ്പിച്ച് സധൈര്യം സഞ്ചരിക്കാൻ സന്നദ്ധരാകുമെന്നും ഞാൻ കരുതി. ഞാൻ സ്റ്റേഷനിൽനിന്ന് പുറത്തുവന്നു. എന്റെ സാധനങ്ങൾ ഖാസിംജാൻ വരേയും കൊണ്ടു പോകുന്നതിന് ഒരു കൂലിക്കാരനുമായി സംസാരി

ക്കുകയും സാധ നം അദ്ദേഹത്തിന്റെ ചുമലിൽ എടുത്ത് വെയ്ക്കുകയും നടക്കുകയും ചെയ് തു. കുതിരവണ്ടിക്കാരായ ചില മുസിലിംകൾ അവരുടെ വണ്ടികളുമായി തദവ സരം അവിടെയുണ്ടായിരുന്നു. അവർ പറഞ്ഞു നിങ്ങൾ വണ്ടിയിൽ കയറിയിരിക്കുക. ഞങ്ങൾ നിങ്ങളെ കൊണ്ടാക്കിത്തരാം. ഞാൻ പറഞ്ഞു. ഞാൻ നടന്നുപോകാനാണ് ആഗ്രഹിക്കുന്നത്. എനിക്ക് അവിടുത്തെ അവസ്ഥകൾ അജ്ഞാത മാണെന്ന്ധരിച്ച അവർ എന്നോട് സ്നേഹപൂർവ്വം പറഞ്ഞു. വഴി അപകടം നിറഞ്ഞതാണ്. ഒരു മുസ്ലിം ഒറ്റയ്ക്ക് നടന്നു പോകൽ ഒട്ടും അനുയോജ്യമല്ല. ഞാൻ അവരുടെ സ്നേഹത്തിന് നന്ദി രേഖപ്പെടു ത്തിക്കൊണ്ട് പറഞ്ഞു, എനിക്ക് അവസ്ഥ അറിയാം. പക്ഷെ, ഞാൻ നടന്നുപോകാനാണ് ആഗ്രഹിക്കുന്നത്. ഇൻഷാഅല്ലാഹ് ഒരപകടവും പറ്റുകയില്ല. എന്റെയടുക്കൽ പൈസയില്ലാത്തതുകൊണ്ടോ ചിലവഴി ക്കാൻ മടിയുള്ളതുകൊണ്ടോ ആണ് ഞാൻ ഇങ്ങനെപറയുന്നതെന്ന് ധരിച്ചതായ അവരിൽ ഒരാൾ എന്നോട് പറഞ്ഞു നിങ്ങൾ പൈസ യെക്കുറിച്ച് ചിന്തിക്കേണ്ടതില്ല. ഇഷ്ടമുള്ളത് തന്നാൽ മതി. എങ്കിലും അല്ലാഹുവിനെഓർത്ത് വണ്ടിയിൽ കയറി ഇരിക്കുക. ഞാൻ പറഞ്ഞു. എന്റെ സഹോദര ! പൈസ ചിലവഴിക്കാൻ യാതൊരു മടിയുമില്ല. അല്ലാഹു തആല പൈസ തന്നിട്ടുമുണ്ട്. അത് ചിലവഴിക്കുന്നുമുണ്ട്. പക്ഷെ എനിക്കിപ്പോൾ നടന്നാണ് പോകേണ്ടത്. അക്കൂട്ടത്തിൽ എന്നോട് വളരെയധികം സ്നേഹം കാണിച്ച ഒരു വൃദ്ധൻ ദേഷ്യപ്പെ ട്ടുകൊണ്ടുപറഞ്ഞു ഹേ, മുല്ലാക്കാ നിങ്ങൾ വലിയ പിശുക്കൻമാരാ ണെന്നറിയാം. നിങ്ങൾ ഒരു പൈസയും തരേണ്ടതില്ല. പക്ഷെ നിങ്ങൾ എന്റെ വണ്ടിയിൽ കയറിയിരിക്കൂ ഞാൻ നിങ്ങളെ ലക്ഷ്യസ്ഥാനത്ത് എത്തിക്കാം. ഞാൻ ആ പാവത്തിന്റെ വാക്കിന് മറുപടിയൊന്നും കൊടുക്കാതെ നീങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു നിങ്ങളുടെ മര ണസമയമായിട്ടുണ്ടെങ്കിൽ ഞങ്ങൾ എന്ത് ചെയ്യാനാണ്. ഞാൻ ആ നല്ലവരുടെ സ്നേഹത്തിന് ഒരിക്കൽക്കൂടി നന്ദിപറഞ്ഞുകൊണ്ട് നടന്നുനീങ്ങി. അന്ന് ആ സമയത്ത് എന്റെ മനസ്സിൽ നിറഞ്ഞുനിന്ന അവസ്ഥ ജീവിതത്തിൽ മറ്റൊരിക്കലും ആസ്വദിക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ ഈ നടത്തം ജനങ്ങളെല്ലാം ആശ്ചര്യപൂർവ്വം വീക്ഷിയ്ക്കുന്നത് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. പക്ഷെ അശുഭകരമായ ഒരു വാ ക്കുപോലും കേൾക്കേണ്ടിവന്നില്ല. ചുരുക്കത്തിൽ ചാന്ദ്നി ചൗക്ക്, ബില്ലീമാരാൻ വഴി ഖാസിംജാൻ സ്ട്രീറ്റിലുള്ള ജംഇയ്യത്ത് ഓഫീസിൽ ഞാൻ എത്തിച്ചേർന്നു.

ഡൽഹിയിൽ ഞാൻ ഒന്നു രണ്ടു ദിവസം താമസിച്ചു. അതിരാവിലെ ഡൽഹിയിൽനിന്നും പുറപ്പെടുന്ന ട്രെയിനിൽ യാത്രതിരിക്കാനായിരുന്നു എന്റെ ഉദ്ദേശ്യം. മടക്കത്തിൽ സ്റ്റേഷൻവരെ നടന്നുതന്നെ പോകുവാൻ ഞാൻ തീരുമാനിച്ചു. സുബഹ് നമസ്കാരാനന്തരം ഒരു കൂലിക്കാര നെഅന്വേഷിച്ച് ഞാൻ പുറത്തേക്കിറങ്ങി. അവിടെ അടുത്തെങ്ങും ആരേയും കാണാത്തതിനാൽ ചാന്ദ്നി ചൗക്ക് വരേയും പോകേണ്ടിവ ന്നു. അതിർത്തി പ്രദേശത്ത് താമസിക്കുന്ന പഠാണികളുടെ വേഷമായ സൽവാറും ഖമീസും പഠാണിതലപ്പാവും അണിഞ്ഞ രണ്ടു ചെറുപ്പക്കാരെ കണ്ടുമുട്ടി. മുസ്ലിംകളുടെ അരികിൽ വരാൻപോലും മടികാണിക്കുന്ന ഡൽഹിയിലെ ഈ പ്രദേശങ്ങളിൽ അവർ ഇങ്ങനെനിൽക്കുന്നത് കണ്ട് എനിക്ക് ആശ്ചര്യം തോന്നി. പക്ഷെ അവരുമായി സംസാരിച്ചപ്പോൾ പെഷവർ ജില്ലയിലെ ഒരു ഗ്രാമത്തിൽ താമസിക്കുന്ന ഹിന്ദുക്കളാണ് അവരെന്ന് മനസ്സിലായി. കൊള്ളയും കൊലയും നിമിത്തം നാടുവിട്ട് ഓടിവന്ന അഭയാർ ത്ഥികളായിരുന്നു അവർ. അഭയാർത്ഥി ക്യാമ്പിൽ അവർക്ക് റേഷൻ കിട്ടിയിരുന്നെങ്കിലും അത് ഒരു നേരത്തെ വയർ നിറയ്ക്കാൻപോലും തികഞ്ഞിരുന്നില്ല. ഞാൻ അവരോട് എനിക്ക് സ്റ്റേ ഷൻവരെ പോകാൻ ഒരു കൂലിക്കാരനെആവശ്യമുണ്ടെന്നറിയിച്ചു. ഞങ്ങൾ വരാൻ തയ്യാറാണെന്ന് അവർ പറഞ്ഞു. ഞാൻ അവരോട് കൂലി തിരക്കിയപ്പോൾ താങ്കൾക്ക് ഇഷ്ടമുള്ളത് തന്നാൽ മതിയെന്നവർ പറഞ്ഞു. ഞാൻ പറഞ്ഞു എന്റെ സാധനങ്ങൾ വളരെ കുറച്ചേയുള്ളു. നിങ്ങളിലൊരാൾ എന്റെ കൂട്ടത്തിൽ വന്നാൽമതി. അവർ പറഞ്ഞു. ഞങ്ങൾ ഇരുവരും ഒരുമിച്ചുതന്നെ വരുവാ നാണ് ആഗ്രഹിക്കുന്നത്. ഞാൻ അവരെയും കൂട്ടി ജംഇയ്യത്തുൽ ഉലമായുടെ ഓഫീസിൽ എത്തു കയും സാധനങ്ങൾ എടുത്ത് സ്റ്റേഷനിലേക്ക് പുറപ്പെ ടുകയും ചെയ്തു. വഴിമദ്ധ്യേ അവരോട് അനുഭാവം പ്രകടിപ്പി ച്ചുകൊണ്ട് അവരുടെ വിശേ ഷവിവരങ്ങൾ ആരാഞ്ഞു. എന്റെ സാധനങ്ങൾ തലയിൽ ചുമന്നിരുന്ന അവരിലൊരാൾ പറഞ്ഞു; ''ഞങ്ങൾ രണ്ടുപേരും ഒരു നാട്ടുകാരാണ്. ഞാൻ ഒരു പാവപ്പെട്ട കുടുംബത്തിലെ അംഗമാണ് പക്ഷെ ഇദ്ദേഹം വലിയ സമ്പന്നന്റെ മകനാണ്. ഇപ്പോൾ ഞങ്ങൾ രണ്ടുപേരും ഒരേ അവസ്ഥയിൽതന്നെയാണ്. ഇദ്ദേഹത്തിന് ജോലി ഒന്നും ചെയ്യാൻ കഴിയില്ല ഞാൻ ഏതെങ്കിലും കൂലിവേല ചെയ്യും. കിട്ടുന്നതുകൊണ്ട് ഞങ്ങൾ രണ്ടുപേരും കഴിഞ്ഞുകൂടും. അദ്ദേഹം പറഞ്ഞു; എനിക്ക് എന്റെ വിഷയത്തിൽ യാതൊരു പ്രയാസവുമില്ല. പക്ഷെ ഇവന്റെ പ്രയാസം എന്നെക്കൊണ്ട് സഹിക്കാൻ. സാധിക്കുന്നില്ല അദ്ദേഹം

തുടർന്നുപറഞ്ഞു: ഞങ്ങളുടെ നാട്ടിലെ മുസ്‌ലിംകൾക്ക് ഞങ്ങളോട് വലിയ അനുക മ്പയായിരുന്നു. പോലീസുകാർ ഞങ്ങളെ ഞങ്ങളുടെ വീട്ടിൽനിന്നും പുറത്താക്കാൻ വന്നപ്പോൾ അവർ അതിനെശക്തമായി എതിർക്കുകയും ഈ വിഷയത്തിൽ സംഘട്ടനത്തിന് മുതിരുകയും ചെയ്തു. അങ്ങിനെഅവർ മടങ്ങിപ്പോയെങ്കിലും ഒരു രാത്രി സൈനിക വാഹനങ്ങളുമായി പട്ടാളക്കാർ വന്നപ്പോൾ ഞങ്ങൾ നാടുവിട്ട് ഓടുവാൻ നിർബന്ധിതരായി. ഞങ്ങൾ നാടുവിട്ടപ്പോൾ മുസ്‌ലിംകൾ എല്ലാവരും പ്രസ്തുത രംഗം കണ്ട് കരയുകയായിരുന്നു. ഈ കുട്ടിയുടെ പിതാവ് വഴിയിൽവച്ച് വധിക്കപ്പെട്ടു. അപ്പോൾ മുതൽ അവൻ എന്നെയും ഞാൻ അവനേയും സഹോദരനായി തിരഞ്ഞെടുത്തു''. ആ കുട്ടിയുടെ ഈ വാക്കുകൾ കേട്ട് എന്റെ മനസ്സ് തേങ്ങിപ്പോയി. എന്റെ കണ്ണുകളിൽ ബാഷ്പകണങ്ങൾ ഉതിർന്നുവീണു. അവരെ സഹായിക്കാൻ എന്റെയ ടുക്കൽ അത്ര വലിയ തുകയൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും യാ ത്രച്ചിലവ് കഴിച്ച് ബാക്കിയുള്ളതെല്ലാം അവരുടെ മുമ്പിൽ സമർപ്പിച്ചു.

# കടുത്ത ശത്രു
# ഉറ്റ മിത്രമാകുന്നതെങ്ങനെ ?

അല്ലാഹുതആലാ പരിശുദ്ധ ഖുർആനിൽ നിർദ്ദേശിക്കുന്നു. ''നിങ്ങളോട് ആരെങ്കിലും മോശമായ ശൈലിയിൽ പെരുമാറുകയാണെങ്കിൽ നിങ്ങൾ അവരോട് നല്ല സമീപനം കൈക്കൊള്ളുക. സുന്ദരമായ ശൈലിയിൽ പ്രതികരിക്കുക. നിങ്ങൾ അങ്ങനെചെയ്യുകയാണെങ്കിൽ നിങ്ങളുടെ ശത്രു ഉറ്റ മിത്രമായിത്തീരുന്നത് കാണാൻ സാധിക്കും. തുടർന്ന് അല്ലാഹു പറയുന്നു (ഇത് എല്ലാവരെയുംകൊണ്ട് കഴിയുന്ന കാര്യമല്ല) തന്റെ ശരീരത്തിന്റെ ഇച്ഛകളെ അടക്കി നിർത്താൻ കഴിവുള്ള സൗഭാഗ്യശാലി കൾക്ക് മാത്രമാണ് ഇക്കാര്യം സിദ്ധിക്കുന്നത് (സൂറത്തുഫുസ്സിലത്)

അല്ലാഹുവിന്റെ ഏതെങ്കിലും ഒരടിമ ഈ സൂക്തം അനുസരിച്ച് ജീവിക്കാൻ തയ്യാറായാൽ ഇതിൽ സൂചിപ്പിച്ചിട്ടുള്ള സന്തോഷവാർത്ത അനുഭവത്തിൽക്കൂടി മനസ്സിലാക്കാൻ കഴിയും എന്ന കാര്യം തീർച്ചയാണ്. പ്രകൃതിപരമായി കോപക്കാരനായ ഈ പാപിയ്ക്ക് പരിശുദ്ധ ഖുർആനിലെ ഈ ആയത്തനുസരിച്ച് നീങ്ങുവാൻ വളരെ കുറച്ചുമാത്രമേ ഭാഗ്യം കിട്ടിയിട്ടുള്ളൂ. എന്നാൽ എപ്പോഴെങ്കിലും അല്ലാഹുവിന്റെ കരുണ ഒന്നുകൊണ്ടുമാത്രം ഇതനുസരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പരിണിത ഫലവും സ്പഷ്ടമായി കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ വിഷയത്തിൽ ഒരു സംഭവം അനുവാചകർക്ക് മുമ്പാകെ സമർപ്പിക്കുക യാണ്.

ക്രി: 1947 ആഗസ്റ്റ് മാസം ആദ്യവാരത്തിൽ നടന്ന ഒരു സംഭവമാണിത്. റമളാൻ മാസം 17-ാം തീയതിയായിരുന്നു  അന്ന് എന്ന കാര്യം ഓർമ്മയുണ്ട്. തദവസരം വിനീതന് 14-15 പേരടങ്ങുന്ന ഒരു സംഘത്തോടൊപ്പം ലഖ് നോവിൽ നിന്നും ഡൽഹിവരെ പോകേണ്ടിവന്നു. മഹത്തായ തബ്‌ലീഗ് പ്രവർത്തനത്തിന്റെ സിരാകേന്ദ്രമായ ഹള്റത്ത് നിളാമുദ്ദീനിലേക്കുള്ള ഒരു ജമാഅത്തായിരുന്നു അത്. ഇവിടെ ഒരു കാര്യം ഓർക്കുക, ഇന്ത്യയിൽ ആകമാനം ഹിന്ദു-മുസ്‌ലിം വർഗ്ഗീയ ലഹളകൾ പടർന്നുപന്തലിച്ചു നാടാകെ കത്തിനിൽക്കുന്ന സന്ദർഭമായിരുന്നു അത്. കൽക്കത്ത, നവഖാലി, ബീഹാർ മുതലായ സ്ഥല

ങ്ങളിൽ ബീഭത്സമായ കലാപങ്ങൾ താണ്ഡവമാടി. ഒരാഴ്ച കഴിഞ്ഞാൽ ആഗസ്റ്റ് 15ന് ഇൻഡ്യ-പാകിസ്ഥാൻ വിഭജനവും നടക്കേണ്ടിയിരുന്നു.

ഡൽഹിക്കും ലക്നോവിനും ഇടയ്ക്ക് ഇന്ന് നിരവധി ട്രെയിനുകൾ സർവ്വീസ് നടത്തുന്നുണ്ട്. അന്ന് ലഖ്നോവിൽനിന്നും ഡൽഹിയിലേക്ക് നേരിട്ട് വണ്ടിയൊന്നും ഇല്ലായിരുന്നു. കാൺപൂരിൽ അല്ലെങ്കിൽ മുറാദാബാദിൽ ഇറങ്ങി മാറി കയറേണ്ട സ്ഥിതിവിശേഷമായിരുന്നു. ഞങ്ങൾ മുറാദാബാദുവഴി പോകുവാൻ ഉദ്ദേശിച്ചു. ലഖ്നോവിൽനിന്നും വൈകു ന്നേരം 7 മണിയ്ക്കായിരുന്നു മുറാദാബാദിലേക്കുള്ള വണ്ടി. അനുഭ വങ്ങളുടെ വെളിച്ചത്തിൽ മുമ്പിലുള്ള ബോഗിയിൽ ഇരിയ്ക്കാൻ ഇടം കിട്ടു മെന്ന് എനിക്ക് പ്രതീക്ഷയുണ്ടായിരുന്നു. ഞങ്ങൾ ആ ബോഗിവന്നു നിൽക്കുന്ന സ്ഥലത്ത് പ്രതീക്ഷിച്ചുനിന്നു. ട്രെയിൻ വന്ന് നിന്നാലുടൻ വണ്ടിയിൽകയറി ഒഴിഞ്ഞ സ്ഥലത്ത് സീറ്റ് പിടിക്കാൻ ഒന്നുരണ്ട് കൂട്ടുകാരെ ചുമതലപ്പെടുത്തിയിരുന്നു. ആരെയും ഉപദ്രവിക്കരുതെന്നും ആരോടും വഴക്കുണ്ടാക്കരുതെന്നും പ്രത്യേകം നിഷ്കർഷിക്കുകയും ചെയ്തു. അങ്ങിനെട്രെയിൻവന്നു നിന്നു. നിരവധി യാത്രക്കാർ ലഖ്നൗവിൽ ഇറങ്ങി. ബോഗി ആകെ കാലിയായി. നിശ്ചയിക്കപ്പെട്ടിരുന്ന ഞങ്ങളുടെ കൂട്ടുകാർ അതിൽ കയറി ഒഴിഞ്ഞ സ്ഥലങ്ങളിൽ തുണി വിരിക്കുകയുണ്ടായി. ഞങ്ങൾ ബാക്കിയുള്ളവർ പതുക്കെ അകത്തേക്ക് കയറി.

കൂട്ടുകാർ തുണി വിരിച്ചിരുന്ന സ്ഥലങ്ങളിൽ ഒരു സ്ഥലത്ത് ഇരുന്നു. കുറച്ചുകഴിഞ്ഞ് ഒരു പണ്ഡിറ്റ്ജി അവിടേയ്ക്കു വന്നു. ബീഹാറിൽ നിന്നും യാത്രതിരിച്ചിരുന്ന അദ്ദേഹം എന്തോ ആവശ്യത്തിനായി താഴെ ഇറങ്ങിയതായിരുന്നു.. അകത്ത് കടന്ന ഉടനെഎന്തെങ്കിലും സംസാരിക്കുന്ന തിന് പകരം പ്രകോപനപരമായി ഒരു കൈകൊണ്ട് എന്റെ ഭുജത്തിലും മറുകൈകൊണ്ട് എന്റെ അടുത്തിരുന്ന കൂട്ടുകാരെയും പിടിച്ച് അവിടെ നിന്നും വലിച്ചുമാറ്റാൻ ഉദ്യമിച്ചു. ഞങ്ങൾ 14-15 പേരുള്ള കാര്യം അദ്ദേഹം മനസ്സിലാക്കിക്കാണില്ല. അദ്ദേഹം ഇപ്രകാരം ചെയ്ത ഉടനെതന്നെ എന്റെ ചില കൂട്ടുകാർ ചാടിവീണ് അദ്ദേഹത്തെ പിടിച്ചുമാറ്റാൻ ഉദ്ദേശിച്ചു. ഞാൻ എന്റെ കൂട്ടുകാരെ വിരട്ടിക്കൊണ്ട് പറഞ്ഞു. എല്ലാവരും അവരവരുടെ സ്ഥാനത്തുതന്നെയിരിക്കുക. ആരും മിണ്ടാൻ പാടില്ല. എന്തെങ്കിലും സംസാരിക്കേണ്ടിവന്നാൽ ഞാൻ സംസാരിച്ചുകൊള്ളാം. അവരെയെല്ലാം അടക്കിയിരുത്തിയശേഷം ഞാൻ ആ പണ്ഡിറ്റ്ജിയോട് വളരെ മയമായിട്ട് പറഞ്ഞു; നിങ്ങൾ എന്താണ് ആഗ്രഹിക്കുന്നതെന്ന് നാക്കുകൊണ്ട് പറയുവിൻ. അദ്ദേഹം വളരെ

കോപത്തോടുകൂടി പറഞ്ഞു; നിങ്ങൾ എന്തിനാണ് ഇവിടെ ഇരിക്കുന്നത് ? ഇത് എന്റെ സ്ഥലമാണ്. ഞാൻ പറഞ്ഞു സഹോദരാ ! ഇക്കാര്യം നിങ്ങൾക്ക് വിനയപൂർവ്വം മൃദുലമായി പറയാമായിരുന്നല്ലോ ? താങ്കൾ താഴെ ഇറങ്ങിയപ്പോൾ ഈ സ്ഥലം ഒഴിഞ്ഞ് കിടക്കുന്നത് കണ്ടതിനാലാണ് ഞങ്ങൾ ഇവിടെയിരുന്നത്. ഇത് താങ്കളുടെ സീറ്റാണെന്ന് താങ്കൾ പറഞ്ഞാൽ ഒരു മടിയും കൂടാതെ ഞങ്ങൾ ഒഴിഞ്ഞ് തരുമായിരുന്നു. ശരി ഇത് താങ്കളുടെ സീറ്റാണെങ്കിൽ താങ്കൾ ഇവിടെത്തന്നെയിരിക്കുക. ഇത്രയും പറഞ്ഞ് ഞാൻ ഒഴിഞ്ഞുകൊടുത്തു. പണ്ഡിറ്റ്ജിയോടുള്ള എന്റെ സമീപനം കൂട്ടുകാരിൽ ചിലരെ വീണ്ടും പ്രകോപിപ്പിച്ചു. നിങ്ങൾക്കാർക്കും ഒന്നും സംസാരിക്കാൻ അനുവാദമില്ല എന്ന് പറഞ്ഞുകൊണ്ട് അവരെ അടക്കിയിരുത്തുകയും പണ്ഡിറ്റ്ജിയുടെ കൈപിടിച്ച് അദ്ദേഹത്തെ അവിടെ ഇരുത്തുകയും ചെയ്തു. സംഘത്തിന്റെ നേതാവ് എന്ന നിലയിൽ ഞാൻ അവരുടെ ശ്രദ്ധ വേറൊരു ഭാഗത്തേക്ക് തിരിച്ചുകൊണ്ട് യാത്രയുടെ മര്യാദകളും മറ്റ് കാര്യങ്ങളും വിവരിക്കുവാൻ തുടങ്ങി.

ഞങ്ങളെല്ലാവരും നോമ്പുകാരായിരുന്നു. ട്രെയിൻ വിട്ട് രണ്ടുമൂന്ന് മിനിറ്റ് കഴിഞ്ഞാലുടൻ നോമ്പ് തുറക്കാൻ സമയമാകുമായിരുന്നു. അതുകൊണ്ട് ഞങ്ങളെ യാത്രഅയയ്ക്കാൻ വന്ന ഒരു സുഹൃത്തിനോട് സ്റ്റേഷനിൽ ഐസ് കിട്ടുമെങ്കിൽ ഒരു സേർ വാങ്ങിക്കൊണ്ട് വരാൻ പറഞ്ഞു. അദ്ദേഹം അതന്വേഷിച്ചുപോയി. കുറച്ച് കഴിഞ്ഞപ്പോൾ പ്രസ്തുത പണ്ഡിറ്റ്ജിയും ഒന്നും മിണ്ടാതെ ബോഗിയിൽ നിന്നും ഇറങ്ങി. ഐസ് വാങ്ങാൻ പോയ ഞങ്ങളുടെ സുഹൃത്ത് എത്തുന്നതിനു മുമ്പുതന്നെ അഞ്ചുസേർ ഐസും വാങ്ങി പണ്ഡിറ്റ്ജി വരുകയും ഒന്നും മിണ്ടാതെ അതെന്റെ മുന്നിൽ കൊണ്ടുവയ്ക്കുകയും ചെയ്തു. ഞാൻ അദ്ദേഹത്തിന്റെ മുഖത്തേക്ക് നോക്കിയപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ മാന്യത മിന്നിത്തി ളങ്ങുന്നതായും ദുഃഖം പ്രവഹിക്കുന്നതായും കാണാൻ സാധിച്ചു. അദ്ദേഹം പറഞ്ഞു; താങ്കൾ ഇത് സ്വീകരിക്കണം ഞാൻ പറഞ്ഞു; തീർച്ചയായും, സസന്തോഷം സ്വീകരിക്കുന്നു. പക്ഷേ ഇത് വളരെ കൂടുതലുണ്ട്. താങ്കൾ ഇതിന്റെ വില സ്വീകരിക്കണം, അദ്ദേഹം ഒരു നിലയ്ക്കും അതിന് തയ്യാറായില്ല. അവസാനം ഞങ്ങൾ അത് സ്വീകരിച്ചു. അൽപം കഴിഞ്ഞ് ട്രെയിൻ പുറപ്പെട്ടു. ഞാൻ പണ്ഡിറ്റ്ജിയിൽ നിന്നും അൽപം അകലെയായി മറ്റൊരു സീറ്റിൽ കൂട്ടുകാരോടൊപ്പം ഇരിക്കുകയായിരുന്നു അദ്ദേഹം അവിടെ നിന്നും എഴുന്നേറ്റ് എന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു; ഞാൻ ചെയ്തത് വലിയ തെറ്റായിപ്പോയി.

താങ്കൾ അവിടെ പോയി ഇരിക്കണം. ഞാൻ പറഞ്ഞു; ഞാൻ വളരെ സുഖമായിട്ട് ഇവിടെ ഇരിക്കുകയാണ്. താങ്കൾ ഒട്ടും വിഷമിക്കാതെ അവിടെത്തന്നെ പോയി ഇരിക്കൂ. അദ്ദേഹം അതിന് തയ്യാറാകാതെ പറഞ്ഞു. താങ്കൾ അവിടെത്തന്നെയിരിക്കണം. അല്ലെങ്കിൽ ഞാൻ ഇരിക്കുകയില്ല. ഇവിടെത്തന്നെ നിൽക്കും. അവസാനം ഞാൻ അവിടെ ത്തന്നെ പോയിരുന്നു. സൂര്യൻ അസ്തമിച്ചെന്ന് ഉറപ്പായപ്പോൾ ഞങ്ങൾ നോമ്പ് തുറക്കുകയും മഗ്രിബ് നമസ്കാരം ട്രെയിനിൽത്തന്നെ ജമാ അത്തായി നമസ്കരിക്കുകയും ചെയ്തു. ഞങ്ങൾ നമസ്കരിച്ച് തീരുന്ന തുവരെ അദ്ദേഹം ആദരപൂർവ്വം എഴുന്നേറ്റു നിന്നു. ഇരുന്നതേയില്ല. സലാംവീട്ടിയതിനു ശേഷം ഞങ്ങൾ അദ്ദേഹത്തെ ഈ അവസ്ഥയിൽ കണ്ടപ്പോൾ അദ്ദേഹത്തെ നിർബന്ധപൂർവ്വം പിടിച്ചിരുത്തി. എങ്കിലും ഞങ്ങൾ സുന്നത്തുകളിൽ നിന്നും മറ്റും വിരമിക്കുന്നതുവരെ അദ്ദേഹം വളരെ ഭക്തിയാദരവുകളോടെയാണ് ഇരുന്നത്. തുടർന്ന് ഞങ്ങൾ ആഹാരം കഴിച്ചു. കുറച്ചുകഴിഞ്ഞ് ഇഷായ്ക്ക് സമയം സമാഗതമായി. ഞങ്ങൾ ഇഷായും തുടർന്ന് 20 റക്അത്ത് തറാവീഹും ജമാഅ ത്തായിത്ത ന്നെ നമസ്കരിച്ചു. ഈ സമയമെല്ലാം മാന്യപണ്ഡിറ്റ്ജി അങ്ങേയറ്റം ആദരവോടുകൂടി മനസ്സുകൊണ്ട് ഞങ്ങളുടെ കൂട്ടത്തിൽ നമസ്കരിക്കുന്നതു പോലെ കഴിഞ്ഞുകൂടി.

ഞങ്ങൾക്കാർക്കെങ്കിലും കിടന്നുറങ്ങുവാൻ ബോഗിയിൽ സ്ഥലം ഉണ്ടായിരുന്നില്ല. ദൂരെനിന്നും യാത്രചെയ്തു വരുന്നവർ മുകളിലത്തെ സീറ്റിൽ തങ്ങളുടെ വിരിപ്പ് വിരിച്ചിരുന്നു. വിരിപ്പ് വിരിച്ചിരുന്നവരിൽ പണ്ഡിറ്റ്ജി ഒഴികെ മറ്റെല്ലാവരും തങ്ങളുടെ വിരിപ്പുകളിൽ കിടന്നു. തന്റെ വിരിപ്പിലേക്ക് ആംഗ്യം കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു അതെന്റെ വിരിപ്പാണ് താങ്കൾ അതിൽ കിടക്കുക. ഞാൻ പറഞ്ഞു; ഇതൊരിക്കലും പറ്റില്ല താങ്കളുടെ വിരിപ്പിൽ താങ്കൾ തന്നെ കിടക്കുക അദ്ദേഹം പറഞ്ഞു; ഒന്നുകിൽ താങ്കൾ അതിൽ കിടക്കുക. ഞാൻ ഇതിൽ കിടക്കുകയില്ല. അദ്ദഹത്തിന്റെ ഈ നിർബന്ധം കേട്ടപ്പോൾ അദ്ദേഹം അങ്ങിനെതന്നെ ചെയ്യുമെന്ന് എനിക്ക് മനസ്സിലായി. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: എന്റെ ഏതെങ്കിലും കൂട്ടുകാരെ കിടത്താൻ താങ്കൾ എനിക്ക് അനുവാദം തരണം. അദ്ദേഹം അതിന് സമ്മതിച്ചു. ഞങ്ങളുടെ കൂട്ടത്തിൽ നസീറുദ്ദീൻ എന്ന് പേരുള്ള ഒരാളുണ്ടായിരുന്നു. ഒരപകടത്തിൽ അകപ്പെട്ടതുകാരണം അദ്ദേഹം നിത്യരോഗിയായിരു ന്നു. ഞാൻ അദ്ദേഹത്തോട് കിടക്കാൻ പറഞ്ഞു. അദ്ദേഹം അതിന് വിസമ്മതിച്ചപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു; ''സംഘത്തിന്റെ

അമീർ എന്ന നിലയിൽ ഞാൻ താങ്കളോട് കിടക്കാൻ കല്പിക്കുന്നു''. അങ്ങിനെഅദ്ദേഹം അവിടെ കിടന്നു. മുറാദാബാദിൽ വെച്ച് ഞങ്ങൾക്ക് ട്രെയിൻ മാറണമായിരുന്നു. രാത്രി ഏതാണ്ട് രണ്ട് മണിക്ക് വണ്ടി മുറാദാബാദിൽ എത്തി. ഞങ്ങൾ പണ്ഡിറ്റ്ജിയോട് യാത്രപറഞ്ഞു പിരിഞ്ഞ പ്പോൾ തന്റെ ഏറ്റവും അടുത്ത ബന്ധുക്കളെയോ സുഹൃത്തുക്കളേയോ യാത്ര അയക്കുന്നതു പോലെയാണ് അദ്ദേഹം ഞങ്ങളെ യാത്രയാക്കിയത്. പണ്ഡിറ്റ്ജിയുടെ ആ സമീപനം ഇന്നും എന്റെ മനസ്സിൽ മായാതെ കിടക്കുന്നു.

ഉപരിസൂചിത ഖുർആനിക നിർദ്ദേശം അനുസരിച്ച് ജീവിക്കാനുള്ള സൗഭാഗ്യം ഖുർആനിന്റെ വക്താക്കളായ നമുക്ക് സിദ്ധിക്കുകയാണെങ്കിൽ പ്രതിദിനം ഇത്തരം അനുഭവങ്ങൾ നമുക്കുണ്ടാകുന്നതും ദീനിന്റെയും ദുൻയാവിന്റെയും അടച്ചുപൂട്ടപ്പെട്ട അനവധി വാതിലുകൾ മലർക്കെ തുറക്കപ്പെടുകയും ചെയ്യുന്നതാണ്. വൈജ്ഞാനിക മണ്ഡലങ്ങളിലും ശാസ്ത്രീയ മേഖലകളിലും വന്ദ്യസഹാബികൾ അത്ര മികച്ചവരൊന്നും ആയിരുന്നില്ല. എന്നാൽ തിരുനബി(സ)യുടെ പരിശുദ്ധ സഹവാസവും ശിക്ഷണ ശീലങ്ങളും കാരണമായി പരിശുദ്ധ ഖുർആനിനെ അവർ അകത്തും പുറത്തും ഉൾക്കൊണ്ടിരുന്നു. ഇതാണ് അല്ലാഹു തആലാ അവർക്ക് കനിഞ്ഞരുളിയ സമുന്നത സൗഭാഗ്യം.